പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 299

# 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 299

# 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

914/2009.

# 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

## 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘം ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും, പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പീഠികയുടെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘം ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), നിലവിലുള്ള പീഠികയ്ക്കുപകരം താഴെ പറയുന്ന പീഠിക ചേർക്കേണ്ടതാണ്, അതായത് :—

"പീഠിക.—സംസ്ഥാനത്തിൽ സഹകരണ മേഖലയെ ക്രമാനുഗതമായി വികസിപ്പിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുക എന്ന കാഴ്ചപ്പാടോടെ, ഭാരതത്തിന്റെ ഭരണഘടനയിൽ രാഷ്ട്രനയത്തിന്റെ നിർദ്ദേശകതത്വങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള ന്യായം, സാമൂഹികനീതി, സാമ്പത്തിക വികസനം എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി സഹകരണ സംഘങ്ങളെ സഹകരണതത്വങ്ങൾക്കനുസൃതമായി സ്വയംഭരണ ജനകീയ സ്ഥാപനങ്ങളായി സജ്ജീകരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നതിനാലും ശാസ്ത്രീയവും സാങ്കേതികവുമായ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, ആരോഗ്യസംരക്ഷണത്തിനും, സഹകരണ മേഖലയിലെ വിപണി ഇടപെടലിനും മെച്ചപ്പെട്ട നടത്തിപ്പിനും വേണ്ടി സംസ്ഥാനത്തെ സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ സംയോജിപ്പിക്കുന്നതും ഭേദഗതി ചെയ്യുന്നതും ഏകീകരിക്കുകയും ചെയ്യുന്നത് യുക്തമായിരിക്കയാൽ ;".

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(i) (ഇസി) ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

(ii) "(ഇസിസി) 'സഹകരണ ഓംബുഡ്സ്മാൻ' എന്നാൽ 69എ വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ആൾ അല്ലെങ്കിൽ ആളുകൾ എന്നർത്ഥമാകുന്നു ;";

(ii) (എച്ച്ബി) ഖണ്ഡത്തിനുപകരം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എച്ച്ബി) 'സഹകരണ ആഡിറ്റ് ഡയറക്ടർ' എന്നാൽ 63-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സഹകരണ ആഡിറ്റ് ഡയറക്ടറും 63-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു വഴി സഹകരണ ആഡിറ്റ് ഡയറക്ടറുടെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനും എന്നർത്ഥമാകുന്നു ;";

(iii) (ഐബി) ഖണ്ഡത്തിൽ, "മറ്റു സഹകരണ സംഘങ്ങളും വ്യക്തികളും" എന്ന വാക്കുകൾക്കുപകരം "സർക്കാരും വ്യക്തികളും മറ്റു സഹകരണ സംഘങ്ങളും", എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (എൽ) ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എൽഎ) 'പലവക സംഘങ്ങൾ' എന്നാൽ നിർണ്ണയിക്കപ്പെടാവുന്ന സംഘങ്ങളും സംഘത്തിലെ അംഗങ്ങളിൽ നിന്നു മാത്രം നിക്ഷേപങ്ങൾ സ്വീകരിക്കുകയും അതിലെ അംഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി ബിസിനസ്സ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതും, അവരുടെ അംഗീകരിച്ച ഉപനിയമം അനുസരിച്ച് കാർഷികവും, പദ്ധതി അനുസരിച്ചുള്ള വായ്പകൾ ഒഴികെയുള്ളവ നൽകുന്നതും 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ് (1881-ലെ 26-ാം കേന്ദ്ര ആക്റ്റ്) പ്രകാരം കൈമാറാവുന്ന പ്രമാണങ്ങൾ കൈകാര്യം ചെയ്യാത്തതും ആയ സംഘങ്ങളും എന്നർത്ഥമാകുന്നു ;";

(v) (ഒഎ) ഖണ്ഡത്തിനുപകരം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(ഒഎ) 'പ്രാഥമിക കാർഷിക വായ്പാ സംഘം' എന്നാൽ കാർഷിക വായ്പാ പ്രവർത്തനങ്ങളും കാർഷിക ആവശ്യങ്ങൾക്കുവേണ്ടി വായ്പകളും മുൻകൂറുകളും, അപ്രകാരമുള്ള വായ്പകൾക്കും മുൻകൂറുകൾക്കും ഉള്ള പലിശ നിരക്ക് ആ വായ്പകൾക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും, നൽകുന്നതും ഏറ്റെടുക്കുന്നത് അതിന്റെ മുഖ്യലക്ഷ്യമായിട്ടുള്ളതും അതിന്റെ പ്രവർത്തനമേഖല ഒരു ഗ്രാമ പഞ്ചായത്തിലോ ഒരു മുനിസിപ്പാലിറ്റിയിലോ ആയി പരിമിതപ്പെടുത്തിയിട്ടുള്ളതുമായ ഒരു സർവ്വീസ് സഹകരണ സംഘവും, ഒരു സർവ്വീസ് സഹകരണ ബാങ്കും, ഒരു കർഷക സർവ്വീസ് സഹകരണ ബാങ്കും, ഒരു ഗ്രാമീണ ബാങ്കും എന്നർത്ഥമാകുന്നു :

എന്നാൽ പ്രവർത്തനമേഖല സംബന്ധിച്ച നിയന്ത്രണം 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്റ്റിന്റെ (2000-ലെ 1) പ്രാരംഭത്തിൽ നിലവിലുള്ള സംഘങ്ങൾക്കോ ബാങ്കുകൾക്കോ ബാധകമാകുന്നതല്ല :

എന്നിരുന്നാലും മേൽപറഞ്ഞ മുഖ്യലക്ഷ്യം നിറവേറ്റപ്പെടുന്നില്ലെങ്കിൽ, ആ സംഘങ്ങൾക്ക്, ആക്റ്റിലും ചട്ടത്തിലും ഉപനിയമങ്ങളിലും വിനിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള

ഒരു പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെ, നിലവിലുള്ള ജീവനക്കാരുടെ സംഖ്യാബലം ഒഴികെയുള്ള, എല്ലാ സവിശേഷതകളും നഷ്ടപ്പെടുന്നതാണ് ;";

(vi) (ടിഎ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(ടിഎഎ) 'അർബൻ സഹകരണ സംഘം' എന്നാൽ കാർഷികേതരവായ്പാ പ്രവർത്തനങ്ങളും അതിലെ അംഗങ്ങൾക്ക് കടംകൊടുക്കുന്നതിലേക്ക് നിധി സമാഹരിക്കുകയും ചെയ്യുന്നതും ഏറ്റെടുക്കുന്നത് അതിന്റെ മുഖ്യലക്ഷ്യമായിട്ടുള്ളതും അതിന്റെ പ്രവർത്തനമേഖല ഒരു മുനിസിപ്പാലിറ്റിയിലോ ഒരു കോർപ്പറേഷനിലോ ആയി പരിമിതപ്പെടുത്തിയിട്ടുള്ളതുമായ ഒരു സഹകരണസംഘം എന്നർത്ഥമാകുന്നു :

എന്നാൽ നിലവിലുള്ള അർബൻ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമേഖല സംബന്ധിച്ച നിയന്ത്രണം ബാധകമാകുന്നതല്ല ;".

4. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിൽ "വ്യക്തിയായിട്ടുള്ള" എന്ന വാക്കിനുമുൻപ് "16-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം വിനിർദ്ദേശിക്കപ്പെട്ട" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിനുശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ ഒരു സംഘത്തിലെ അംഗങ്ങളുടെയും പൊതുജനങ്ങളുടെയും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനുവേണ്ടി അതിന്റെ പ്രവർത്തനത്തെ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാരിനും രജിസ്ട്രാറിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.".

6. 28-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 28-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ മൂന്നും നാലും ക്ലിപ്തനിബന്ധനകൾ വിട്ടുകളയേണ്ടതാണ് ;

(ii) (1എ) ഉപവകുപ്പിൽ "പതിനഞ്ചിൽ" എന്ന വാക്കിനു പകരം "പതിമൂന്നിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(iii) (1എ) ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ആക്റ്റ് (2009-ലെ ..............................) പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് രൂപീകരിച്ച പ്രാഥമിക സഹകരണ സംഘങ്ങളുടെ കമ്മിറ്റികളുടെ സംഗതിയിൽ, അംഗങ്ങളുടെ പരമാവധി എണ്ണം പതിനഞ്ച് ആയിരിക്കേണ്ടതാണ്.";

(iv) (1ബി) ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(1സി) ഒരു പ്രാഥമിക വായ്പാ സംഘത്തിന്റെയോ ഒരു അർബൻ സഹകരണ ബാങ്കിന്റെയോ ഉപനിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള ഓരോ സംഘത്തിന്റെയും കമ്മിറ്റിയിലെ ഒരു സീറ്റ് പതിനായിരവും അതിലധികവും രൂപയുടെ ഒരു നിക്ഷേപമുള്ള അംഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്.";

(v) (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ "അതേ തരത്തിലുള്ള മറ്റൊരു സംഘത്തിന്റെ" എന്ന വാക്കുകൾക്കുപകരം "ഒരേ തരത്തിലുള്ള ഒന്നിലധികം സംഘങ്ങളുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(vi) (2)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ "വിവിധ തരത്തിലോ അഥവാ വിവിധ തരങ്ങളിലോ പെട്ട രണ്ടോ അതിലധികമോ സംഘങ്ങളുടെ" എന്ന വാക്കുകൾക്കുപകരം "വിവിധ തരത്തിലുള്ള രണ്ടിലധികം സംഘങ്ങളുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

7. 28എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 28 എ വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "ഒരു സീറ്റ് ഒരു വനിതാ അംഗത്തിനും" എന്ന വാക്കുകൾക്കുപകരം "ആകെ സീറ്റുകളിൽ രണ്ടെണ്ണം വനിതാ അംഗങ്ങൾക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (3)-ാം ഉപവകുപ്പിനുപകരം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) വനിതകളുടെയും പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെട്ട ആളുകളുടെയും ഉന്നമനത്തിനുവേണ്ടി മാത്രം രൂപീകരിച്ചിട്ടുള്ള സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങളുടെ കമ്മിറ്റിയിൽ വനിതകളുടെയോ, പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ പെട്ട അംഗങ്ങളുടെയോ പ്രാതിനിദ്ധ്യം ഇല്ലാതെ വരുന്നിടത്ത് സർക്കാരോ രജസ്ട്രാറോ, തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയിലേക്ക്, വനിതകളെയും പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ പെട്ട ആളുകളേയും ആ സംഘങ്ങളിലെ അംഗങ്ങൾക്കിടയിയിൽ നിന്നും നാമനിർദ്ദേശം ചെയ്യേണ്ടതാണ്.".

8. 28എഎ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ, നിലവിലുള്ള 28 എ എ വകുപ്പ് 28 എ ബി എന്ന് പുനരക്കമിടേണ്ടതും, അപ്രകാരം പുനരക്കമിട്ട 28എ ബി വകുപ്പിന് മുമ്പായി താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതുമാണ്,

അതായത് :—

"28 എ എ. അർബൻ സഹകരണ ബാങ്കുകളിലെ കമ്മിറ്റികളിലേക്കു ബാങ്കിംഗിൽ പരിചയമോ പ്രൊഫഷണൽ യോഗ്യതയോ ഉള്ള ആളുകൾക്കായുള്ള സംവരണം.—ഏതൊരു അർബൻ സഹകരണ ബാങ്കിന്റെയും ഉപനിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ ബാങ്കുകളുടെ കമ്മിറ്റികളിലെ രണ്ടിൽ കുറയാത്ത സീറ്റുകൾ ബാങ്കിംഗിൽ പരിചയമോ പ്രൊഫഷണൽ യോഗ്യതകളോ ഉള്ള അംഗങ്ങൾക്കുവേണ്ടി സംവരണം ചെയ്യേണ്ടതാണ് :

എന്നാൽ ഈ വകുപ്പ് 2009-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ആക്റ്റിന്റെ (2009-ലെ ..................) പ്രാരംഭത്തിനു മുമ്പ് രൂപീകൃതമായ അർബൻ സഹകരണ ബാങ്കുകളുടെ കമ്മിറ്റികൾക്ക് ബാധകമാകുന്നതല്ല.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(i) "ബാങ്കിംഗിൽ പരിചയമുള്ള അംഗങ്ങൾ" എന്നാൽ ഒരു വാണിജ്യ ബാങ്കിലോ സംസ്ഥാന സഹകരണ ബാങ്കിലോ ജില്ലാ സഹകരണ ബാങ്കിലോ ഒരു അർബൻ സഹകരണ ബാങ്കിലോ ഒരു സർവ്വീസ് സഹകരണ ബാങ്കിലോ മാനേജരുടേതായ തസ്തികയിൽ പ്രതിഫലം പറ്റി സേവനത്തിലിരിക്കുന്നതോ സേവനത്തിൽ ഇരുന്നതോ ആയ അംഗങ്ങൾ എന്നർത്ഥമാകുന്നു.

(ii) "പ്രൊഫഷണൽ യോഗ്യതകൾ" എന്നാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യയിൽ അംഗത്വമോ കൊമേഴ്സിൽ ബിരുദാനന്തരബിരുദവും ബാങ്കിംഗിൽ പരിചയമോ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കുകളുടെ പരിശോധനയിലോ ആഡിറ്റിലോ ഉള്ള പരിചയമോ എന്നർത്ഥമാകുന്നു.".

9. 28ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 28ബി വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "ഫെഡറൽ സംഘങ്ങളുടെയും കമ്മിറ്റികളിലേക്ക്" എന്ന വാക്കുകൾക്കുപകരം "ഫെഡറൽ സംഘങ്ങളുടെയും കമ്മിറ്റികളിലേക്കും പ്രാതിനിദ്ധ്യ പൊതുയോഗങ്ങളിലേക്കും" എന്ന വാക്കുകളും "മറ്റേതെങ്കിലും വിഭാഗത്തിലുമുള്ള സംഘങ്ങളുടെയോ കമ്മിറ്റിയിലേക്ക്" എന്ന വാക്കുകൾക്കുപകരം "മറ്റേതെങ്കിലും വിഭാഗത്തിലുമുള്ള സംഘങ്ങളുടെയോ കമ്മിറ്റിയിലേക്കും പ്രാതിനിദ്ധ്യ പൊതുയോഗത്തിലേക്കും" എന്ന വാക്കുകളും ചേർക്കേണ്ടതാണ് ;

(ii) (1)-ാം ഉപവകുപ്പിലെ ക്ലിപ്തനിബന്ധനയിൽ "അവയുടെ കമ്മിറ്റികളിലേക്ക്" എന്ന വാക്കുകൾക്കുപകരം "അവയുടെ കമ്മിറ്റികളിലേക്കും പ്രാതിനിദ്ധ്യ പൊതുയോഗത്തിലേക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iii) (3)-ാം ഉപവകുപ്പിൽ "ഗവൺമെന്റുമായി കൂടിയാലോചിച്ച്" എന്ന വാക്കുകൾക്കുപകരം "ഗവൺമെന്റുമായും രജിസ്ട്രാറുമായും കൂടിയാലോചിച്ച്" എന്ന വാക്കുകളും "കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിന്" എന്ന വാക്കുകൾക്കുപകരം "കമ്മിറ്റിയിലേക്കും പ്രാതിനിദ്ധ്യ പൊതുയോഗത്തിലേക്കും ഉള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിന്" എന്ന വാക്കുകളും ചേർക്കേണ്ടതാണ് ;

(iv) (4)-ാം ഉപവകുപ്പിൽ "കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പുകളെ" എന്ന വാക്കുകൾക്കുപകരം "കമ്മിറ്റിയിലേക്കും പ്രാതിനിദ്ധ്യ പൊതുയോഗത്തിലേക്കും ഉള്ള തെരഞ്ഞെടുപ്പുകളെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

10. 32-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 32-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡത്തിനുപകരം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(ഡി) രേഖകൾ ദുരുപയോഗപ്പെടുത്തുകയോ നശിപ്പിക്കുകയോ അവയ്ക്ക് ഹാനിവരുത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും തിരിമറിയോ തെറ്റായ നടപടിയോ മറച്ചു

വയ്ക്കുന്നതിനായി രേഖകൾ നശിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യുന്നു എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, അദ്ദേഹത്തിന്, കമ്മിറ്റിക്ക് ആക്ഷേപങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, ബോധിപ്പിക്കുവാൻ ഒരവസരം നൽകിയതിനുശേഷം, രേഖാമൂലമായ ഉത്തരവ് വഴി, കമ്മിറ്റിയെ നീക്കം ചെയ്യാവുന്നതും തൽസ്ഥാനത്ത് സംഘത്തിന്റെ കാര്യനിർവ്വഹണത്തിനായി ഒരു അഡ്മിനിസ്ട്രേറ്ററേയോ മൂന്നിൽ കൂടുതലല്ലാത്ത ആളുകൾ ഉൾപ്പെടുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയോ, അവരിൽ ഒരാളെ കൺവീനറായും, അവർ സംഘത്തിലെ അംഗങ്ങൾ ആയിരിക്കണമെന്നില്ല, ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരം ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് നിയമിക്കാവുന്നതും, പ്രസ്തുത കാലയളവ്, രജിസ്ട്രാറുടെ വിവേചനമനുസരിച്ച്, കാലാകാലങ്ങളിൽ നീട്ടാവുന്നതും, എന്നിരുന്നാലും മൊത്തം കാലയളവ് ഒരു വർഷത്തിൽ അധികരിക്കുവാൻ പാടുള്ളതല്ലാത്തതുമാണ്.

വിശദീകരണം:—പ്രസിഡന്റിനോ, അദ്ദേഹത്തന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റിനോ പ്രസിഡന്റിന്റേയോ വൈസ് പ്രസിഡന്റിന്റേയോ ചുമതല വഹിക്കുന്ന ഏതെങ്കിലും കമ്മിറ്റി അംഗത്തിനോ ഒരു സംഘത്തിന്റെ മുഖ്യനിർവ്വാഹകനോ, ഈ ഖണ്ഡപ്രകാരം നൽകിയ ഒരു നോട്ടീസും ഒരു ഉത്തരവും സംഘത്തിന്റെ കമ്മിറ്റിക്കു നൽകിയ ഒരു ഉത്തരവായി കണക്കാക്കുന്നതാണ്.” ;

(ii) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“(ഇ) ഈ വകുപ്പുപ്രകാരം അതിലംഘനം ചെയ്യപ്പെട്ട കമ്മിറ്റിയിലെ ഓരോ അംഗവും അപ്രകാരം അതിലംഘനം ചെയ്യപ്പെട്ട ഉത്തരവിന്റെ തീയതി മുതൽ രണ്ട് തുടർച്ചയായ കാലാവധികളിലേക്ക് ഏതെങ്കിലും ഒരു സംഘത്തിന്റെ കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിനോ കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ ഏതെങ്കിലും സംഘത്തിലെ ഒരു അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെടുന്നതിനോ അയോഗ്യരായിരിക്കുന്നതാണ്.”.

11. 33-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 33-ാം വകുപ്പിൽ (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

“(ബി) നിലവിലിരിക്കുന്ന കമ്മിറ്റിയുടെ കാലാവധി തീരുന്ന തീയതിക്ക്, ഒരു പുതിയ കമ്മിറ്റി പ്രവർത്തനത്തിലേർപ്പെടുന്നത് തടയപ്പെട്ടിരിക്കുകയോ പുതിയ കമ്മിറ്റി പ്രവർത്തനത്തിൽ ഏർപ്പെടുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം രജിസ്ട്രാറിന്, സ്വമേധയായോ സംഘത്തിലെ ഏതെങ്കിലും അംഗത്തിന്റെ അപേക്ഷയിൻമേലോ, സർക്കിൾ സഹകരണ യൂണിയനെ അറിയിച്ചതിനുശേഷം, ഒരു അഡ്മിനിസ്ട്രേറ്ററേയോ മൂന്നിൽ കൂടുതലല്ലാത്ത ആളുകൾ ഉൾപ്പെടുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയോ, അവരിൽ ഒരാളെ കൺവീനർ ആയും, അവർ സംഘത്തിലെ അംഗങ്ങൾ ആയിരിക്കണമെന്നില്ല, സംഘത്തിന്റെ കാര്യനിർവ്വഹണത്തിനായി ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരം, ആറു മാസത്തിൽ കവിയാതെയുള്ള ഒരു കാലയളവിലേക്ക് നിയമിക്കാവുന്നതും, പ്രസ്തുത കാലയളവ്, രജിസ്ട്രാറുടെ വിവേചനമനുസരിച്ചും രേഖപ്പെടുത്തിയ കാരണങ്ങളാലും, കാലാകാലങ്ങളിൽ, ദീർഘിപ്പിക്കാവുന്നതും, എന്നിരുന്നാലും മൊത്തം

കാലയളവ് യാതൊരു സംഗതിയിലും, ഒരു വർഷമോ പുതിയ കമ്മിറ്റി പ്രവർത്തന ത്തിൽ ഏർപ്പെടുന്നതുവരെയോ, അവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണ്.".

12. 36എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 36എ വകുപ്പിൽ:—

(i) "സംസ്ഥാന സഹകരണ ബാങ്കിന്റേയോ ഒരു ജില്ലാ സഹകരണ ബാങ്കി ന്റേയോ ഒരു പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റേയോ പ്രാഥമിക ഭവന നിർമ്മാണ സംഘത്തിന്റേയോ" എന്ന വാക്കുകൾക്കു ശേഷം "ഒരു അർബൻ സഹക രണ ബാങ്കിന്റേയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "എന്നീ വാക്കുകൾക്കുപകരം യഥാക്രമം സംസ്ഥാന സഹകരണ ബാങ്ക് അഥവാ ജില്ലാ സഹകരണ ബാങ്കുകൾ" "ഒരു പ്രാഥമിക കാർഷിക വായ്പാസംഘം അഥവാ പ്രാഥമിക ഭവന നിർമ്മാണസംഘം" എന്നീ വാക്കുകൾക്കുശേഷം "അഥവാ ഒരു അർബൻ സഹകരണ ബാങ്ക്" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്;

(iii) വിശദീകരണത്തിൽ "സംസ്ഥാന സഹകരണ ബാങ്കിന്റേയോ ഒരു ജില്ലാ സഹകരണ ബാങ്കിന്റേയോ ഒരു പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റേയോ ഒരു പ്രാഥമിക ഭവന നിർമ്മാണ സംഘത്തിന്റേയോ" എന്ന വാക്കുകൾക്കു ശേഷം "ഒരു അർബൻ സഹകരണ ബാങ്കിന്റേയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

13. 37-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 37-ാം വകുപ്പ് (2)-ാം ഉപ വകുപ്പിൽ താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ആരുടെ ശമ്പളത്തിൽ നിന്നാണോ കിഴിവ് ചെയ്യപ്പെടേണ്ടത് ആ ജീവനക്കാരെ, വായ്പയോ അവാർഡ് തുകയോ മുടങ്ങിയത് സംബന്ധിച്ച് ഏറ്റവും കുറഞ്ഞത് മുപ്പത് ദിവസങ്ങൾക്കു മുമ്പ്, യഥാവിധി കൈപ്പറ്റ് നോട്ടീസ് നൽകി അറിയിക്കാത്തപക്ഷം, ഈ ഉപവകുപ്പ് ബാധകമാക്കാൻ പാടുള്ളതല്ല.".

14. 53-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 53-ാം വകുപ്പിൽ, (എഫ്) ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(ജി) ഈ വകുപ്പുപ്രകാരം നൽകുന്ന സാമ്പത്തിക സഹായങ്ങളിൽ നിന്നും സർക്കാരിനു നൽകേണ്ടതായ ഏതെങ്കിലും തുക തട്ടക്കഴിക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ, തട്ടിക്കഴിക്കുന്നതിനു മുമ്പുള്ള മൊത്തം സഹായ തുകയെ അസ്സൽ സഹായത്തുകയായി കണക്കാക്കേണ്ടതുമാണ്:

എന്നാൽ സർക്കാരിന്, സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് അർഹ തയുള്ള സംഗതികളിൽ, ഏതൊരു സംഘത്തേയും സർക്കാരിന് നൽകേണ്ടതായ തുക തട്ടിക്കഴിക്കുന്നതിൽനിന്നും ഒഴിവാക്കാവുന്നതാണ്.".

15. 56-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 56-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡം വിട്ടുകളയേണ്ടതാണ് ;

(ii) (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ "ഇരുപത്" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ച്" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(iii) (2)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) അറ്റാദായത്തിന്റെ ഏഴു ശതമാനം കാർഷിക വായ്പാ സ്റ്റെബിലൈസേഷൻ ഫണ്ടിലേക്ക് നൽകുക" ;

(iv) (ഇ) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) അറ്റാദായത്തിന്റെ ബാക്കിയുള്ള തുക ജീവനക്കാർക്ക് ബോണസ് നൽകുന്നതിന് ഒഴികെ, സൊസൈറ്റിയുടെ ഉപനിയമങ്ങളിൽ വിനിർദ്ദേശിക്കപ്പെട്ട ഏതെങ്കിലുമോ എല്ലാമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കുക.".

16. 57എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 57എ വകുപ്പിൽ, (2)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(2) പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള നിരക്കുകളിൽ, ഒരു സംഘം, നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.".

17. 57ഡി എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന അക്റ്റിൽ, 57സി വകുപ്പിനുശേഷം, താഴെ പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"57ഡി. സഹകരണ റിസ്ക്ക് ഫണ്ട് സ്കീം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം സഹകരണ സംഘങ്ങളിൽ നിന്നു വായ്പ എടുത്തിട്ടുള്ളതും അപ്രകാരമുള്ള വായ്പകളുടെ തിരിച്ചടവ് കാലാവധിക്കുള്ളിൽ മരണപ്പെടുകയും ചെയ്യുന്ന അംഗങ്ങളുടെ വായ്പാ ബാദ്ധ്യത നിറവേറ്റുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി 'റിസ്ക്ക് ഫണ്ട് സ്കീം' എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കാവുന്നതാണ്.

(2) പദ്ധതിയിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ തരവും പദ്ധതിയിൽ ഉൾപ്പെടുന്ന വായ്പകളുടെ തരവും, സംഘങ്ങൾ നിധിയിലേക്ക് നൽകേണ്ട അംശദായത്തിന്റെ നിരക്കും രീതിയും നിധിയുടെ ഭരണനിർവ്വഹണരീതിയും വിനിയോഗവും, നിധിയെ സംബന്ധിക്കുന്ന കണക്കുബുക്കുകളുടെ സൂക്ഷിച്ചുപോരലും അതിന്റെ ആഡിറ്റും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.".

18. 59-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 59-ാം വകുപ്പ് (2)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) അംഗങ്ങൾക്കും അംഗങ്ങൾ അല്ലാത്തവർക്കും വായ്പയും മുൻകൂറുകളും അനുവദിച്ചുനൽകുന്നതും അവയുടെ വസൂലാക്കുന്ന രീതിയും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.".

19. 63-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 63-ാം വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിനുപകരം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) സർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി, ഈ ആക്റ്റ് പ്രകാരം സഹകരണ ആഡിറ്റ് ഡയറക്ടർക്കുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.".

(ii) (6)-ാം ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(7) സഹകരണ ആഡിറ്റ് ഡയറക്ടർ സഹകരണ സംഘങ്ങളുടെ രജിസ്ട്രാറുടെ നിയന്ത്രണത്തിൻകീഴിൽ ആയിരിക്കുന്നതാണ്.".

20. 64-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 64-ാം വകുപ്പിൽ,—

(i) (6)-ാം ഉപവകുപ്പിൽ, "ഫീസ്" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ ചെലവ്" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ് ;

(ii) (7)-ാം ഉപവകുപ്പിൽ, രണ്ടിടത്ത് വരുന്ന "ഫീസ്" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ ചെലവ്" എന്ന വാക്കുകൾ യഥാക്രമം കൂട്ടിച്ചേർക്കേണ്ടതാണ് ;

(iii) (8)-ാം ഉപവകുപ്പിൽ, "ഫീസ്" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ ചെലവ്" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ് ;

(iv) (11)-ാം ഉപവകുപ്പിന് ശേഷം, താഴെ പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(12) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) സഹകരണ ആഡിറ്റ് ഡയറക്ടറോട് ആഡിറ്റിനുള്ള ഒരു അഭ്യർത്ഥന നടത്തുന്നതിന് മുമ്പ്, (4)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ആഡിറ്റ് നടത്തുന്നതിനായി, ആഡിറ്റ് നടത്തുന്നതിന് ആവശ്യമായ ഫീസ് അല്ലെങ്കിൽ ചെലവ് മുൻകൂറായോ സഹകരണ ആഡിറ്റ് ഡയറക്ടർ തിട്ടപ്പെടുത്തിയ പ്രകാരമോ അടയ്ക്കുകയും അതിന്റെ ബുക്കുകളും, കണക്കുകളും, ധനകാര്യ സ്റ്റേറ്റുമെന്റുകളും, ആഡിറ്റിനായി ആഡിറ്റർക്ക് ആവശ്യമായ എല്ലാ മറ്റ് സ്റ്റേറ്റുമെന്റുകളും എഴുതിപ്പിച്ചും പൂർണ്ണമാക്കിയും സംഘത്തിന്റെ മുഖ്യനിർവ്വാഹകൻ വഴി ആഡിറ്റിനായി സഹകരണ ആഡിറ്റ് ഡയറക്ടർക്കോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അവ സമർപ്പിച്ചും, ഓരോ വർഷവും അതിന്റെ കണക്കുകൾ ആഡിറ്റ് നടത്തി ലഭിക്കുന്നതിന് സഹകരണ ആഡിറ്റ് ഡയറക്ടറോട് അഭ്യർത്ഥന നടത്തേണ്ടതും ;

(ബി) പൊതുയോഗം അല്ലെങ്കിൽ പ്രാതിനിധ്യ പൊതുയോഗം മുമ്പാകെ പൂർണ്ണമായ ആഡിറ്റ് സർട്ടിഫിക്കറ്റ് വയ്ക്കേണ്ടതും അതിൽപ്പറഞ്ഞിരിക്കുന്ന ന്യൂനതകൾ പൊതുയോഗത്തെയോ പ്രാതിനിധ്യ പൊതുയോഗത്തെയോ വായിച്ചു കേൾപ്പിക്കേണ്ടതും കൂടാതെ ഓരോ ന്യൂനതയും പരിഹരിച്ചുകൊണ്ടുള്ള തിരുത്തൽ റിപ്പോർട്ടുകൾ പൊതുയോഗത്തിനോ പ്രാതിനിധ്യ പൊതുയോഗത്തിനോ മുമ്പാകെ വയ്ക്കേണ്ടുന്നതും ;

(സി) ആഡിറ്റ് സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള എല്ലാ ന്യൂനതകളും പരിഹരിക്കുന്നതും ആഡിറ്റ് സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള ന്യൂനതകൾക്ക് അവ

പരിഹരിച്ചുകൊണ്ടുള്ള തിരുത്തൽ റിപ്പോർട്ടുകൾ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച് രണ്ട് മാസത്തിനകം സഹകരണ ആഡിറ്റ് ഡയറക്ടർക്കും രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതും, ഒരു സംഘത്തിലെ കമ്മിറ്റിയുടെ ചുമതലയായിരിക്കുന്നതാണ്.".

21. 66-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 66-ാം വകുപ്പിൽ,—

(i) 4-ാം ഉപവകുപ്പിന് പകരം, താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(4) രജിസ്ട്രാർക്കോ (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം രജിസ്ട്രാർ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ സംഘത്തിന്റെ വകയായ ബുക്കുകളും, റിക്കാർഡുകളും, കണക്കുകളും, പ്രമാണങ്ങളും, സെക്യൂരിറ്റികളും, ക്യാഷ് ബാലൻസും, മറ്റു വസ്തുവകകളും നിർബ്ബാധം പരിശോധിക്കുന്നതിന് ന്യായമായ എല്ലാ സമയത്തും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഏതെങ്കിലും ബുക്കുകളും, റിക്കാർഡുകളും, കണക്കുകളും, പ്രമാണങ്ങളും, സെക്യൂരിറ്റികളും, ക്യാഷ് ബാലൻസും, മറ്റു വസ്തുവകകളും കൈവശമുണ്ടായിരിക്കുകയോ സൂക്ഷിക്കാൻ ഉത്തരവാദിയായിരിക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും സംഘത്തിന്റെ ആസ്ഥാനത്തെ ഏതെങ്കിലും സ്ഥലത്തോ അതിന്റെ ഏതെങ്കിലും ശാഖയിലോ, സംഘത്തിന് പ്രവർത്തന ആഫീസ് ഇല്ലാത്തിടത്ത് രജിസ്ട്രാറുടെ ആഫീസിലോ അദ്ദേഹത്തിന്റെ ഏതെങ്കിലും കീഴുദ്യോഗസ്ഥൻമാരുടെ ആഫീസിലോ, പരിശോധനാർത്ഥം അവ ഹാജരാക്കാൻ സമൺ ചെയ്യാവുന്നതാണ്.

(4എ) അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ സഹകരിക്കുന്നതും അങ്ങനെയുള്ള മേൽനോട്ടത്തിനോ പരിശോധനയ്ക്കോ സഹായിക്കുന്നതും ആ ആവശ്യത്തിന് ആവശ്യമായേക്കാവുന്ന ഏതെങ്കിലും വിവരം നൽകുന്നതും (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ബുക്കുകൾ, റിക്കാർഡുകൾ, ക്യാഷ് ബാലൻസ് എന്നിവ ഹാജരാക്കുകയും ചെയ്യേണ്ടത് സംഘത്തിലെ ഓരോ ഉദ്യോഗസ്ഥന്റെയും ജീവനക്കാരന്റെയും കർത്തവ്യമായിരിക്കുന്നതും, ഇതിൽ വീഴ്ച വരുത്തിയാൽ അത് 94-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റമായി കരുതപ്പെടുന്നതുമാണ്.

(ii) (10)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പും വിശദീകരണങ്ങളും ചേർക്കേണ്ടതാണ്, അതായത് :—

"(11) മേൽ (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്ട്രാർക്കോ (1)-ാം ഉപവകുപ്പുപ്രകാരം അദ്ദേഹം അധികാരപ്പെടുത്തുന്ന അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർക്കോ ഏതെങ്കിലും പരാതി കിട്ടിയാൽ ഒരു സംഘത്തിന്റെ ആവശ്യമായ റിക്കാർഡുകളോടുകൂടി, ഒരു അന്വേഷണം നടത്തുന്നതിനും സംഘത്തിന്റെ കാര്യങ്ങൾ വേണ്ടപ്പോഴെല്ലാം പരിശോധിക്കാനും അധികാരമുണ്ടായിരിക്കുന്നതും, അങ്ങനെയുള്ള സംഗതികളിൽ, പരിശോധനാ ഉദ്യോഗസ്ഥർക്ക് (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

വിശദീകരണം 1:— ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി "സംഘത്തിന്റെ കാര്യങ്ങൾ" എന്നതിൽ മറ്റു കാര്യങ്ങളോടൊപ്പം, ഒരു സംഘത്തിന്റെ ഭരണവും, നടത്തിപ്പും, ബിസിനസ് കാര്യങ്ങളുമായി ബന്ധപ്പെട്ടതും ഉൾപ്പെടുന്നതുമാകുന്നു.

വിശദീകരണം 2:—ഒരു സംഘത്തിലെ ഉദ്യോഗസ്ഥരുടെയും മുഖ്യ നിർവ്വാഹക ന്റെയും കർത്തവ്യവും (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കുറ്റങ്ങളുടെ സ്വഭാവവും ശിക്ഷകളും ഈ ഉപവകുപ്പിനും കൂടി ബാധകമാകുന്നതാണ്.".

22. 66 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 66 എ വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"66 എ. നിർദ്ദേശങ്ങൾ നൽകുവാനുള്ള രജിസ്ട്രാറുടെ അധികാരങ്ങൾ.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി, ഈ ആക്റ്റിലെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനായോ അംഗങ്ങളുടേയും പൊതു ജനങ്ങളുടേയും നേട്ടത്തിനായി സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടിയോ രജിസ്ട്രാർക്ക് പൊതുവായ നിർദ്ദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഏതെങ്കിലുമോ എല്ലാമോ സഹകരണ സംഘങ്ങൾക്ക് നൽകാവുന്നതാണ്.".

23. 68-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 68-ാം വകുപ്പ് (2)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) (2)-ാം ഉപവകുപ്പ് പ്രകാരം പണമോ, വസ്തുവോ, പലിശയോ, ചെലവോ, നഷ്ടപരിഹാരമോ തിരികെ അടയ്ക്കുകയോ മടക്കിക്കൊടുക്കുകയോ ചെയ്യാത്തിടത്ത്, ഈ ആക്റ്റിലെ 79-ാം വകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്നപോലെ ഭൂമിയിന്മേലുള്ള പൊതുക്കരക്കുടിശ്ശിക എന്നതുപോലെ അങ്ങനെയുള്ള തുകകൾ ബന്ധപ്പെട്ട ആളുകളിൽ നിന്നും ഈടാക്കുന്നതിന് രജിസ്ട്രാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.".

24. 69എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിൽ, 69-ാം വകുപ്പിനുശേഷം, തഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"69എ. സഹകരണ ഓംബുഡ്സ്മാൻ.—(1) ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സംഘങ്ങളുടെ ബാങ്കിംഗ് ന്യൂനതകൾ അല്ലെങ്കിൽ മറ്റു സേവനങ്ങളിലെ ന്യൂനതകൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ പ്രാപ്തമാക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംമൂലം "കേരള സഹകരണ ഓംബുഡ്സ്മാൻ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതാണ്.

(2) സർക്കാരിന്, ഒന്നോ അതിലധികമോ ആൾക്കാരെ ഓംബുഡ്സ്മാനായോ ഓംബുഡ്സ്മെൻ ആയോ ഈ പദ്ധതിയാലോ അതിൻപ്രകാരമോ അവരിൽ ഭരമേല്പിക്കപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായി നിയമിക്കാവുന്നതാണ്.

(3) ഓംബുഡ്സ്മാന്റെ അല്ലെങ്കിൽ ഓംബുഡ്സ്മെന്റെ, അതതുസംഗതിപോലെ, ഔദ്യോഗിക കാലാവധി, അവർ സ്ഥാനമേൽക്കുന്ന തീയതി മുതൽ മൂന്നുവർഷമോ അറുപത്തി അഞ്ച് വയസ്സോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പുപ്രകാരം അങ്ങനെ നിയമിക്കപ്പെടുന്ന ഓംബുഡ്സ്മാനോ ഓംബുഡ്സ്മെന്നോ ബാങ്കിംഗിലോ സഹകരണ മേഖലയിലോ പരിചയവും വൈദഗ്ദ്ധ്യവും ഉള്ള ഒരു ആളോ ആളുകളോ ആയിരിക്കേണ്ടതും മാനേജുമെന്റിലോ നിയമത്തിലോ ഒരു ബിരുദവും ഉണ്ടായിരിക്കേണ്ടതുമാണ്.

(5) ഓംബുഡ്സ്മാന്റെ അധികാരങ്ങൾ, കർത്തവ്യങ്ങൾ മുതലായവ പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രകാരമായിരിക്കുന്നതാണ്.

(6) ഓംബുഡ്സ്മാൻ സർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലായിരിക്കുന്നതാണ്.".

25. 70എ. വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 70എ വകുപ്പിൽ (4)-ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) സഹകരണ ആർബിട്രേഷൻ കോടതിയെ സഹായിക്കുന്നതിനായി ആവശ്യമായത്ര എണ്ണം ഉദ്യോഗസ്ഥരേയും ജീവനക്കാരേയും സർക്കാരോ രജിസ്ട്രാറോ നിയമിക്കേണ്ടതാണ്.".

26. Xബി എന്ന പുതിയ അദ്ധ്യായം കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിൽ, അദ്ധ്യായം Xഎ ക്കുശേഷം താഴെപ്പറയുന്ന അദ്ധ്യായം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"അദ്ധ്യായം Xബി

## സഹകരണ സംഘങ്ങളേയും അതിന്റെ ഭാരവാഹികളേയും ജീവനക്കാരേയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ

74. ബി. ശാഖകൾ തുറക്കൽ.—സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയ്ക്ക് അവയുടെ അംഗ വായ്പാ സംഘങ്ങൾ അവയുടെ പ്രവർത്തന പ്രദേശങ്ങളിൽ അതിലെ അംഗങ്ങൾക്കോ പൊതുജനങ്ങൾക്കോ പര്യാപ്തമായ സേവനം നൽകുന്നതിൽ ദുർബലമാകുകയോ പ്രവർത്തിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം അങ്ങനെയുള്ള അവരുടെ അംഗ വായ്പാ സംഘങ്ങളുടെ പ്രവർത്തന പ്രദേശങ്ങളിൽ ശാഖകൾ തുറക്കാവുന്നതാണ്.

74. സി. ചില സഹകരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തൽ.—66-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്ട്രാർ എല്ലാ അപ്പക്സ്, ഫെഡറൽ, കേന്ദ്ര സംഘങ്ങളുടെ "കാര്യങ്ങൾ" ഓരോ വർഷവും പരിശോധിക്കുയോ പരിശോധിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യേണ്ടതും ഈ സംഘങ്ങളുടെ പരിശോധനാ ഉദ്യോഗസ്ഥന്മാരുടെയും മുഖ്യനിർവ്വാഹകരുടെയും അധികാരങ്ങൾ 66-ാം വകുപ്പിലെ (4)-ാം ഉപവകുപ്പു പ്രകാരം വിനിർദ്ദേശിച്ചിരിക്കുന്നപോലെ ആയിരിക്കുന്നതുമാണ്.

വിശദീകരണം:—ഈ വകുപ്പുപ്രകാരം നടത്തിയ പരിശോധന തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും മറ്റ് നിയമപ്രകാരം നടത്തിയ പരിശോധനയ്ക്ക് പുറമേയും അതിന് ന്യൂനത വരുത്താത്ത വിധത്തിലും ആയിരിക്കേണ്ടതാണ്.

74. ഡി. സ്ഥിരീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മുഖ്യ നിർവ്വാഹകന്റെ കർത്തവ്യം.— ഒരു സംഘത്തിൽ വച്ചുപോരുന്ന മറ്റൊരു സംഘത്തിന്റെ കണക്കുകൾ സംബന്ധിച്ച് ആഡിറ്റർ ആവശ്യപ്പെട്ട സ്ഥിരീകരണ സർട്ടിഫിക്കറ്റ് കൃത്യമായും സമയപരിധിക്കുള്ളിലും ആരുടെ പേരിലാണോ ആഡിറ്റർ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിട്ടുള്ളത് ആ പേരിൽ നൽകേണ്ടത് ഒരു സംഘത്തിലെ മുഖ്യ നിർവ്വാഹകന്റെ കർത്തവ്യമാണ്.

74. ഇ. നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന്റെയും പണം കടം കൊടുക്കുന്നതിന്റെയും രീതി.—എല്ലാ സഹകരണ സംഘങ്ങളും ബാങ്കുകളും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതും പണം കടം കൊടുക്കുന്നതും നിർണ്ണയിക്കപ്പെടുന്ന രീതിയിലായിരിക്കേണ്ടതാണ്.

74. എഫ്. വായ്പകളുടെ എഴുതിത്തള്ളൽ.—ഏതെങ്കിലും നിയമത്തിലോ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരോ രജിസ്ട്രാറോ ഒഴികെയുള്ള, യാതൊരു അധികാരസ്ഥാനത്തിനും അല്ലെങ്കിലും കമ്മീഷനും ഏതെങ്കിലും സംഘത്തിലെ കടക്കാരുടെ കാർഷികമോ കാർഷികേതരമോ ആയിട്ടുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിന് അധികാരമുണ്ടായിരിക്കുന്നതല്ല.

74. ജി. സഹകരണ സംഘങ്ങളിൽ വായനശാല.—ഓരോ സഹകരണ സംഘവും ഒരു വായനശാല സ്ഥാപിക്കേണ്ടതാണ്:

എന്നാൽ തുടർച്ചയായി മൂന്നുവർഷക്കാലയളവുവരെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘത്തിന് ഈ വ്യവസ്ഥയിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ ബാധകമാകുന്നതല്ല.".

27. 80-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 80-ാം വകുപ്പിൽ,

(i) (3എ) ഉപവകുപ്പിൽ "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്ന വാക്കുകൾക്കുശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:—

"അത്തരം തെരഞ്ഞെടുപ്പ് നടത്തുമ്പോൾ 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള ചട്ടപ്രകാരം സംവരണതത്വങ്ങൾ കൂടി പാലിച്ച്"

(ii) (3എ) ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3എ എ) പ്രധാന ആക്റ്റിലോ ഏതെങ്കിലും മറ്റു നിയമത്തിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പട്ടികയിൽ പറഞ്ഞിട്ടുള്ള സംഘങ്ങളിൽ ഏതിനാണോ നേരിട്ടുള്ള തെരഞ്ഞെടുപ്പ് അവലംബിക്കേണ്ടിയിരുന്നത് അതിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശപ്രകാരം, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള ചട്ടപ്രകാരം സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട്, നടത്തി കഴിഞ്ഞ എല്ലാ നിയമനങ്ങളും അങ്ങനെയുള്ള വ്യവസ്ഥകൾ ആ സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്നാലെന്നപോലെ സാധുതയോടെ ചെയ്തതായി കരുതപ്പെടേണ്ടതാണ്.";

(iii) (4)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(5) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓരോ സംഘത്തിലെയും ജീവനക്കാരുടെ ആകെ തസ്തികകളുടെ മൂന്നു

ശതമാനം മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയതുപോലെ നാൽപ്പത് ശതമാനമോ അതിലധികമോ ശാരീരിക വൈകല്യത്താൽ വിഷമിക്കുന്ന ആൾക്കാർക്ക് സംവരണം ചെയ്യേണ്ടതും ആ നിയമനത്തിന്റെ നടപടിക്രമം നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതുമാണ് :

എന്നാൽ കേഡർ തസ്തികകളും അനുവദിക്കപ്പെട്ട തസ്തികകളും ഉൾപ്പെടെ പത്തിൽ കൂടുതലും മുപ്പത്തിമൂന്നിൽ കുറവും ജീവനക്കാരുള്ള സംഘങ്ങളിൽ കുറഞ്ഞത് ഒരു തസ്തികയെങ്കിലും ശാരീരിക വൈകല്യത്താൽ വിഷമിക്കുന്ന ആൾക്കാർക്കായി സംവരണം ചെയ്യേണ്ടതാണ്.

(6) സർക്കാരിന്, സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും, അലവൻസുകളും മറ്റു ആനുകൂല്യങ്ങളും നിശ്ചിയിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ ഈ ഉപവകുപ്പുപ്രകാരം സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും സർക്കാർ നിശ്ചയിച്ചിട്ടില്ലായെങ്കിൽ അവരുടെ ശമ്പളവും അലവൻസുകളും നിശ്ചയിക്കാൻ സർക്കാരിന് രജിസ്ട്രാറിനോട് നിർദ്ദേശിക്കാവുന്നതാണ്.

(7) ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സംഘം അതിലെ ജീവനക്കാർക്ക്, കാലാകാലങ്ങളിൽ സർക്കാരോ രജിസ്ട്രാറോ നിശ്ചയിക്കുന്ന തുകയിലും നിരക്കിലും കവിയുന്ന ബോണസ് നൽകുവാൻ പാടുള്ളതല്ല.

(8) സർക്കാർ, ഉത്തരവുവഴി, ഏതെങ്കിലുമോ എല്ലാമോ സഹകരണ സംഘങ്ങളുടെ ജീവനക്കാർക്കായി ഏകീകൃത സേവന ചട്ടങ്ങളും പെരുമാറ്റ ചട്ടങ്ങളും ഉണ്ടാക്കേണ്ടതാണ്.

(9) ഒരു സഹകരണസംഘത്തിലെ ഒരു ഉദ്യോഗസ്ഥനുമായോ ജീവനക്കാരനുമായോ ജോലിക്കാരനുമായോ ബന്ധപ്പെട്ട സസ്പെൻഷനും അച്ചടക്ക നടപടിയും, നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.".

28. <u>80 ബി വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 80 ബി വകുപ്പിൽ, (1)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(1എ) സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, സംഘങ്ങളിലെ ജീവനക്കാരുടെ ഉദ്യോഗകയറ്റത്തിനുവേണ്ടിയുള്ള മത്സര പരീക്ഷയോ യോഗ്യതാ പരീക്ഷകളോ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നടത്തേണ്ടതാണ്.".

29. <u>82-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 82-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഉത്തരവ്, അതിലെ കക്ഷികൾക്ക് പതിനഞ്ച് ദിവസങ്ങൾക്കകം അതിന്റെ പകർപ്പുകൾ എത്തിച്ചിരിക്കണമെന്ന നിർദ്ദേശത്തോടുകൂടി, ട്രൈബ്യൂണൽ ആറ് മാസങ്ങൾക്കകം പാസ്സാക്കേണ്ടതാണ്.".

30. <u>94-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 94-ാം വകുപ്പിൽ,—

(i) (8)-ാം ഉപവകുപ്പിന് പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) ഒരു സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ജീവനക്കാരനോ ഏജന്റോ, ജോലിക്കാരനോ സംഘവുമായി ഇടപാടുള്ള ഏതെങ്കിലും മറ്റ് ആളോ ആ സംഘത്തിന്റെ വകയായുള്ള ഏതെങ്കിലും പണം ദുർവിനിയോഗം ചെയ്യുകയോ അനധികൃതമായോ നിയമ വിരുദ്ധമായോ സൂക്ഷിക്കുകയോ ചെയ്യുന്ന പക്ഷം, അയാൾക്ക് മൂന്ന് വർഷം വരെയാകാവുന്ന തടവും കുറ്റകൃത്യത്തിൽ ഉൾപ്പെട്ട തുകയുടെ ഇരട്ടിവരെയാകാവുന്ന തുക പിഴയും കൂടി നൽകി ശിക്ഷിക്കേണ്ടതാണ്.";

(ii) അങ്ങനെ പകരം ചേർത്ത (8)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(8എ) ഏതെങ്കിലും ആൾ വായ്പയ്ക്കുള്ള ഏതെങ്കിലും അപേക്ഷയ്ക്ക് പിൻബലമായി ഏതെങ്കിലും വ്യാജമായതോ അനുചിതമായതോ ആയ രേഖകളോ വാല്യൂവേഷൻ സർട്ടിഫിക്കറ്റോ പ്രോജക്ട് റിപ്പോർട്ടോ രജിസ്റ്ററോ നേരുകേടായോ വഞ്ചനാപരമായോ ഉണ്ടാക്കുകയോ ഒപ്പിട്ടു പൂർത്തിയാക്കുകയോ ഉണ്ടാക്കുവാനോ ഒപ്പിട്ടു പൂർത്തിയാക്കുവാനോ ഇടയാക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ഉള്ളതല്ലാത്ത കമ്പനിയോ കച്ചവടയോഗമോ, സംഘമോ, രജിസ്റ്റർ ചെയ്യുകയോ രജിസ്റ്റർ ചെയ്യുവാൻ ഇടയാക്കുകയോ ചെയ്യുകയും തന്മൂലം, അയാൾക്കോ ഏതെങ്കിലും മറ്റ് ആൾക്കോ ഏതെങ്കിലും വായ്പ നൽകാൻ ഏതെങ്കിലും സംഘത്തെ പ്രേരിപ്പിക്കുകയും അതുവഴി സംഘത്തിന് നഷ്ടം വരുന്നതിന് ഇടയാക്കുകയും ചെയ്യുന്നപക്ഷം, അയാൾക്ക് മൂന്ന് വർഷം വരെയാകാവുന്ന തടവും കുറ്റകൃത്യത്തിൽ ഉൾപ്പെട്ട തുകയുടെ ഇരട്ടിവരെയാകാവുന്ന തുക പിഴയും കൂടി നൽകി ശിക്ഷിക്കേണ്ടതാണ്.".

(8ബി) (8എ) ഉപവകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടുന്ന ഒരു കുറ്റം സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരോ അംഗമോ ഏജന്റോ ജോലിക്കാരനോ ഏതെങ്കിലും മറ്റ് ആളോ പ്രേരിപ്പിക്കുകയോ ഒത്താശ ചെയ്യുകയോ ഗൂഢാലോചന നടത്തുകയോ ചെയ്യുന്ന പക്ഷം അയാൾക്ക് മൂന്ന് വർഷം വരെയാകാവുന്ന തടവും കുറ്റകൃത്യത്തിൽ ഉൾപ്പെട്ട തുകയുടെ ഇരട്ടി വരെയാകാവുന്ന തുക പിഴയും കൂടി നൽകി ശിക്ഷിക്കേണ്ടതാണ്.";

(iii) (9)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിചേർക്കേണ്ടതാണ്, അതായത്:—

"(10) 68എ വകുപ്പുപ്രകാരം നിയമിക്കപ്പെട്ട വിജിലൻസ് ആഫീസർക്ക്, 95-ാം വകുപ്പിന് വിധേയമായി, ഈ വകുപ്പിലെ (2), (3), (4), (5), (6), (7) എന്നീ ഉപവകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള കുറ്റങ്ങളെ സംബന്ധിച്ച് ഒരു കോടതി മുമ്പാകെ വ്യവഹാരം നടത്തുന്നതിനുള്ള അധികാരവും പരാതികൾ നൽകുവാനുള്ള അധികാരവും ഉണ്ടായിരിക്കുന്നതാണ്.

(11) ഈ വകുപ്പിലെ (4), (5), (6), (7), (8), (8എ), (8ബി) എന്നീ ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള പിഴത്തുക സംഘത്തിന്റെ നിധിയിൽ നിന്നും വഹിക്കുവാൻ പാടില്ലാത്തതാണ്".

31. 95-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 95-ാം വകുപ്പിന് പകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"95. കുറ്റങ്ങൾ നടപടിക്കെടുക്കൽ.—(1) 94-ാം വകുപ്പ് (8), (8എ), (8ബി) എന്നീ ഉപവകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടുന്ന കുറ്റങ്ങൾ കൊഗ്നൈസബിൾ ആയിരിക്കുന്നതാണ്.

(2) 94-ാം വകുപ്പ് (8), (8എ) അല്ലെങ്കിൽ (8ബി) ഉപവകുപ്പുകൾ പ്രകാരം പിഴ ശിക്ഷ ചുമത്തിയിട്ടുള്ളിടത്ത്, കോടതി, പിഴത്തുക നിശ്ചയിക്കുമ്പോൾ, കുറ്റകൃത്യത്തിൽ ഉൾപ്പെട്ട തുക, ആ കുറ്റം ചെയ്ത് കുറ്റാരോപിതനായ ആൾക്ക് കിട്ടിയ തുകയോ, വസ്തുവിന്റെ വിലയോ, എന്തെങ്കിലും ഉണ്ടെങ്കിൽ അതും, സംഘത്തിനുണ്ടായ നഷ്ടവും, പരിഗണിക്കേണ്ടതാണ്.

(3) ഒരു കോടതി ഒരു ശിക്ഷ നൽകുമ്പോൾ അതിൽ പിഴ ഒരു ഭാഗമാകുമ്പോൾ, വിധിന്യായം പാസ്സാക്കുമ്പോൾ, ഈടാക്കുന്ന പിഴ മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ കുറ്റകൃത്യം ചെയ്തതു വഴി സംഘത്തിനുണ്ടായ ഏതെങ്കിലും നഷ്ടത്തിന് നഷ്ടപരിഹാരമായി വിനിയോഗിക്കേണ്ടുന്ന രീതിയിൽ ഉത്തരവാകേണ്ടതാണ്.

(4) രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ 94-ാം വകുപ്പ് (2), (3), (4), (5), (6), (7) എന്നീ ഉപവകുപ്പുകൾ പ്രകാരം യാതൊരു പ്രോസിക്യൂഷൻ നടപടികളും എടുക്കുവാൻ പാടുള്ളതല്ല".

32. 95എ. എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിൽ, 95-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"95എ കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും കുറ്റം ചെയ്യുന്ന ആൾ ഒരു കമ്പനിയാണെങ്കിൽ, കുറ്റം ചെയ്യുന്ന സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തുന്നതിനുവേണ്ടി ചുമതലയുള്ളതും ബാദ്ധ്യസ്ഥനായതും ആയ ഓരോ ആളും ആ കമ്പനിയും കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും അതനുസരിച്ചുള്ള നടപടിക്ക് വിധേയമാക്കപ്പെടേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ് :

എന്നാൽ കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിനായി താൻ യഥാവിധി എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ഈ ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ അങ്ങനെയുള്ള ഏതൊരാളെയും യാതൊരു ശിക്ഷയ്ക്കും വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്യുകയും, ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ കമ്പനിയുടെ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ ആണ് ചെയ്തത് അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നും ഉണ്ടായേക്കാവുന്ന ഏതെങ്കിലും ഉപേക്ഷകൊണ്ടോ ആണ് ആ കുറ്റം ചെയ്തതെങ്കിൽ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ ആ കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും അതനുസരിച്ച് അവർക്ക് എതിരായി നടപടി എടുക്കേണ്ടതും ശിക്ഷക്കേണ്ടതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(എ) 'കമ്പനി' എന്നാൽ ഏതെങ്കിലും എകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു കച്ചവട യോഗമോ വ്യക്തികളുടെ മറ്റ് സമാജമോ ഒരു സംഘമോ ഒരു സഹകരണ സംഘമോ ഉൾപ്പെടുന്നതും ആകുന്നു.

(ബി) കച്ചവട യോഗത്തെ സംബന്ധിച്ച് 'ഡയറക്ടർ' എന്നാൽ കച്ചവട യോഗത്തിലെ പങ്കാളി എന്നർത്ഥമാകുന്നു.".

33. 99-ാം വകുപ്പിന് പകരം ചേർക്കൽ.—പ്രധാന ആക്റ്റിലെ 99-ാം വകുപ്പിനു പകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"99. ഉത്തരവുകൾ പ്രഖ്യാപിക്കണമെന്ന്.—കക്ഷികളെ വിസ്തരിച്ചിട്ടുള്ള സംഗതികളിൽ, ഈ ആക്റ്റ് പ്രകാരം രജിസ്ട്രാറോ ട്രൈബ്യൂണലോ സഹകരണ ആർബിട്രേഷൻ കോടതിയോ ആർബിട്രേറ്ററോ ലിക്വിഡേറ്ററോ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് ആളോ പുറപ്പെടുവിക്കുന്നതോ നൽകുന്നതോ ആയ ഉത്തരവോ, തീർപ്പോ, അവാർഡോ, കേസ് അവസാനമായി വിചാരണ ചെയ്യുന്ന ദിവസമോ അല്ലെങ്കിൽ അതിനുശേഷം ഏതെങ്കലും ദിവസമോ കക്ഷികൾക്ക് മുറപ്രകാരമുള്ള നോട്ടീസ് നൽകിയോ അല്ലെങ്കിൽ അന്തിമവാദം കേൾക്കുന്ന ദിവസം പരസ്യമായോ പ്രഖ്യാപിക്കേണ്ടതാണ്.".

34. 108-ാം വകുപ്പിന് പകരം ചേർക്കൽ.—പ്രധാന ആക്റ്റിലെ 108-ാം വകുപ്പിന് പകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"108. പോലീസ് ഉദ്യോഗസ്ഥന്റെ കർത്തവ്യങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരം രജിസ്ട്രാറിലോ, സഹകരണ ആഡിറ്റ് ഡയറക്ടറിലോ ഈ ആക്റ്റ് പ്രകാരം നിയമിച്ച വിജിലൻസ് ഓഫീസറിലോ അവരുടെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനിലോ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളുടെയോ കർത്തവ്യങ്ങളുടെയോ ചുമതലകളുടെയോ നിർവ്വഹണത്തിനുവേണ്ടി, അങ്ങനെയുള്ള ഏതെങ്കലും ഉദ്യോഗസ്ഥൻ ഒരു പോലീസ് ഓഫീസറുടെ സഹായവും സംരക്ഷണവും ആവശ്യപ്പെടുകയാണെങ്കിൽ അവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് 1960-ലെ കേരള പോലീസ് ആക്റ്റിൽ (1961-ലെ 5) നിർവ്വചിച്ചിരിക്കുന്ന പ്രകാരം ഓരോ പോലീസ് ഓഫീസറുടെയും കർത്തവ്യമായിരിക്കുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയും, അതിനെ അഴിമതിമുക്തമാക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ സഹകരണ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും ശുപാർശകളും സമർപ്പിക്കുന്നതിനായി 28-6-2007-ലെ സ. ഉ.(സാ) നം. 434/2007 പ്രകാരം സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ശ്രീ. ഇ. നാരായണന്റെ അദ്ധ്യക്ഷപദത്തിൽ സർക്കാർ ഒരു സമിതി രൂപികരിച്ചു. സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ

മൊത്തത്തിലുള്ള വികസനം കണക്കിലെടുത്തും 1969-ലെ കേരള സഹകരണ സംഘം ആക്റ്റിൽ (1969-ലെ 21) സമഗ്രമായ ഭേദഗതികൾ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചു.

2. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും ആരോഗ്യപരിരക്ഷക്കും ഉള്ള സ്ഥാപനങ്ങൾ നടത്തുന്നതിന് അധികാരം നൽകിയും സഹകരണസംഘങ്ങളെ കമ്പോളത്തിൽ ഇടപെടുത്തുന്നതിനു കൂടി പ്രാപ്തമാക്കിയും സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനും വേണ്ടി "സഹകരണ തത്വങ്ങൾ" എന്ന വാക്ക് പ്രധാന ആക്റ്റിന്റെ പീഠികയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നു. അപ്പക്സ്, കേന്ദ്ര, ഫെഡറൽ എന്നീ സഹകരണ സംഘങ്ങളിൽ സർക്കാരിനെ ഒരു അംഗമായി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. ആക്റ്റിലെ വ്യവസ്ഥകളുടെ സുഗമമായ നടപ്പിലാക്കലിനുവേണ്ടി പ്രധാന ആക്റ്റിലെ സഹകരണ ആഡിറ്റ് ഡയറക്ടറുടെയും വിജിലൻസ് ആഫീസറുടെയും അധികാരങ്ങൾ കീഴ് ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമാക്കേണ്ടതുണ്ട്. "പലവക സംഘങ്ങൾ", "അർബൻ സഹകരണ സംഘങ്ങൾ" എന്നിവ പോലെയുള്ള ചില പുതിയ പദങ്ങൾ നിർവ്വചിക്കുവാനും ഉദ്ദേശിക്കുന്നു. "പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ" എന്ന പദം കാർഷികാവശ്യങ്ങൾക്കായി വായ്പകളും മുൻകൂറുകളും അങ്ങനെയുള്ള സംഘങ്ങൾ നൽകണമെന്ന് നിർബന്ധമായും നിഷ്കർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി അവശ്യം നിർവ്വചിക്കേണ്ടതുണ്ട്.

3. പ്രധാന ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരം, സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്, പ്രസ്തുത വകുപ്പ് (2)-ാം ഉപവകുപ്പ് (സി) ഖണ്ഡം അപേക്ഷകന്റെ വയസ്സിന്റെ ആവശ്യകത ഇപ്പോൾ വിനിർദ്ദേശിക്കുന്നില്ല. ആയതിനാൽ, ആക്റ്റിലെ 16-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്നതു പോലെ ഒരു സംഘത്തിന്റെ രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷയിൽ ഒപ്പിടുന്ന ഒരു വ്യക്തിക്ക് 18 വയസ്സ് തികഞ്ഞിരിക്കണമെന്ന് തീരുമാനിച്ചു. പൊതുനയത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി, ആക്റ്റിലെ 9-ാം വകുപ്പിൽ ഒരു ക്ലിപ്ത നിബന്ധന കൂട്ടിച്ചേർത്തു കൊണ്ട്, സർക്കാരിനും രജിസ്ട്രാർക്കും ഒരു സംഘത്തിന്റെ പ്രവർത്തനം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം നൽകുന്നതിന് ഉദ്ദേശിക്കുന്നു. പ്രാഥമിക സഹകരണ സംഘങ്ങളിലെ കമ്മിറ്റികളിലെ പരമാവധി അംഗസംഖ്യ പതിനഞ്ചിൽ നിന്നും പതിനൊന്നായി കുറയ്ക്കുന്നതിന് പ്രധാന ആക്റ്റിലെ 28-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിനും ഭേദഗതി ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളായ നിലവിലുള്ള കമ്മിറ്റികളുടെ തൽസ്ഥിതി നിലനിർത്തുന്നതിനായി പ്രസ്തുത വകുപ്പിന്റെ (1എ) ഉപവകുപ്പിൽ ഒരു ക്ലിപ്തനിബന്ധന ചേർക്കുന്നതിനും കൂടി തീരുമാനിച്ചു. പതിനായിരം രൂപയിൽ കൂടുതൽ നിക്ഷേപമുള്ള അംഗങ്ങൾക്ക് പ്രാഥമിക വായ്പ സംഘങ്ങളിലെയും അർബൻ സഹകരണ ബാങ്കുകളിലെയും കമ്മിറ്റികളിൽ ഒരു സീറ്റ് സംവരണം ചെയ്യുന്നതിനുവേണ്ടി 28-ാം വകുപ്പിൽ (1സി) ഉപവകുപ്പ് പുതിയതായി കൂട്ടിച്ചേർക്കാൻ കൂടി ഉദ്ദേശിക്കുന്നു. ആക്റ്റിലെ 28എ വകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്ത് കമ്മിറ്റികളിലെ ആകെ സീറ്റിൽ വനിതകൾക്കുള്ള സംവരണ സീറ്റ് ഒന്നിന് പകരം രണ്ടായി ഉയർത്തുന്നതിനും, അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ഇല്ലാത്ത എല്ലാ സംഘങ്ങളിലെ കമ്മിറ്റികളിലും വനിത അംഗത്തെയും പട്ടിക ജാതി പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട അംഗത്തെയും നാമനിർദ്ദേശം ചെയ്യുന്നതിന്

സർക്കാരിനോ രജിസ്ട്രാർക്കോ അധികാരം നൽകുന്നതിനും കൂടി തീരുമാനിച്ചു. അർബൻ സഹകരണ ബാങ്കുകളിൽ ബാങ്കിംഗ് പരിചയമോ പ്രൊഫഷണൽ യോഗ്യതയോ ഉള്ള ആളുകൾക്കായി സംവരണം ചെയ്യുന്നതിനുള്ള വ്യവസ്ഥയും കൂടി ഏർപ്പെടുത്തി.

4. സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് അപ്പക്സിലെയും ഫെഡറലിലെയും കേന്ദ്രത്തിലെയും വായ്പാസംഘങ്ങളിലെയും കമ്മിറ്റികളിലേക്ക് മാത്രമേ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഇപ്പോൾ അധികാരമുള്ളൂ. എല്ലാ അപ്പക്സിലെയും ഫെഡറലിലെയും കേന്ദ്രത്തിലെയും വായ്പാസംഘങ്ങളിലെയും പ്രാതിനിധ്യ പൊതുയോഗങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനും കൂടിയുള്ള ചുമതല സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനെ ചുമതലപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടി പ്രധാന ആക്റ്റിലെ 28ബി വകുപ്പ് ഭേദഗതി ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചു.

5. ആക്റ്റിലെ 32-ാം വകുപ്പ് പ്രകാരം അതിലംഘനം ചെയ്യപ്പെട്ട കമ്മിറ്റിയിലെ അംഗത്തിനെ, അടുത്ത രണ്ടു തടുർച്ചയായ കാലാവധികളിലേക്ക് ഏതെങ്കിലും സംഘത്തിലെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നോ ഏതെങ്കിലും സംഘത്തിലെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കപ്പെടുന്നതിൽ നിന്നോ അയോഗ്യനാക്കുന്നതിന് തീരുമാനിച്ചു. ഒരു കമ്മിറ്റി അതിലംഘനം ചെയ്യപ്പെട്ടിടത്ത് 32-ഉം 33-ഉം വകുപ്പുകൾ പ്രകാരം രജിസ്ട്രാർ നിയമിച്ച അഡ്മിനിസ്ട്രേറ്ററോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളോ പ്രസ്തുത സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നില്ലാത്തതും, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ സംഗതിയിൽ ഒരു അംഗത്തെ കൺവീനറായി രജിസ്ട്രാർ നിയമിക്കേണ്ടതും ആണെന്നുള്ള വ്യവസ്ഥ വ്യക്തമാക്കുന്നതിനുവേണ്ടിയാണ് പ്രധാന ആക്റ്റിലെ പ്രസ്തുത വകുപ്പുകൾക്ക് നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്.

6. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക ഹൗസിങ് സംഘങ്ങൾ എന്നിവയിൽ നിന്നും കടം വാങ്ങുന്ന ആളുകൾക്ക് മാത്രമാണ് ഗഹാൻ സമ്പ്രദായം ഇപ്പോൾ ബാധകമായിട്ടുള്ളത്. അർബൻ സഹകരണ ബാങ്കുകളിൽ നിന്നും കടം വാങ്ങുന്ന ആളുകൾക്ക് കൂടി "ഗഹാൻ" സമ്പ്രദായം ബാധകമാക്കുന്നതിനായി പ്രധാന ആക്റ്റിലെ 36എ വകുപ്പിന് ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

7. ജീവനക്കാരുടെ (വായ്പക്കാർ/ജാമ്യക്കാർ) ശമ്പളത്തിൽ നിന്നും അവർ സംഘത്തിന് നൽകേണ്ടതായ തുക കിഴിവ് ചെയ്യണമെന്ന് അവരുടെ തൊഴിൽ ദായകരോട് (ശമ്പളം വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥരോട്) ആവശ്യപ്പെടുന്നതിന് മുമ്പായി ജീവനക്കാർക്ക് മുൻകൂട്ടിയുള്ള അറിയിപ്പ് ഇപ്പോൾ നൽകുന്നില്ല. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അവർ സംഘങ്ങൾക്ക് നൽകേണ്ടതായ തുക കിഴിവ് ചെയ്യണമെന്ന് അവരുടെ തൊഴിൽദായകനോട് ആവശ്യപ്പെടുന്നതിന് മുമ്പായി സംഘങ്ങൾ അവർക്ക് കിട്ടേണ്ടതായ തുകയെക്കുറിച്ച് മുപ്പത് ദിവസങ്ങൾക്ക് മുമ്പ് ജീവനക്കാരെ അറിയിച്ചിരിക്കേണ്ടതാണെന്നുള്ള അർത്ഥത്തോടുകൂടിയാണ് പ്രധാന ആക്റ്റിലെ 37-ാം വകുപ്പിന് ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നത്. സംഘങ്ങളിൽ നിന്നും സർക്കാരിന് കിട്ടാനുള്ള തുക അത്തരം സംഘങ്ങൾക്ക് സർക്കാർ നൽകിയ പുതിയ സാമ്പത്തിക

സഹായത്തിൽ നിന്നും ഈടാക്കുവാൻ സർക്കാരിനെ പര്യാപ്തമാക്കുംവിധം പ്രധാന ആക്റ്റിലെ 53-ാം വകുപ്പിനോട് ഒരു പുതിയ ഖണ്ഡം കൂട്ടിച്ചേർക്കുന്നതിന് തീരുമാനിച്ചു.

8. സംഘങ്ങൾ അംഗങ്ങൾക്ക് നൽകേണ്ടതായ ലാഭവിഹിതത്തിന്റെ നിരക്ക് ഇരുപത് ശതമാനത്തിൽ നിന്നും ഇരുപത്തിയഞ്ച് ശതമാനമാക്കി ഉയർത്തുന്നതിനും അറ്റാദായത്തിന്റെ ഏഴ് ശതമാനം കാർഷിക വായ്പാ സ്റ്റെബിലൈസേഷൻ ഫണ്ടിലേക്ക് അംശദായമായി നൽകുന്നതിനുമായി ആക്റ്റിലെ 56-ാം വകുപ്പിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും ഉദ്ദേശിക്കുന്നു. ജീവനക്കാർക്കുള്ള ബോണസ് നൽകുന്നത് ഒഴികെ സംഘങ്ങളുടെ ഉപനിയമങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലുമോ എല്ലാമോ ആവശ്യങ്ങൾക്കായി അറ്റാദായത്തിന്റെ നീക്കിയിരിപ്പ് മാറ്റി വിനിയോഗിക്കുന്നതിനായി കൂടി പ്രസ്തുത വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്റ്റിന്റെ 57എ വകുപ്പ് പ്രകാരം സഹകരണ വികസന-ക്ഷേമ നിധിയിലേക്ക് ഒരു സംഘം നൽകേണ്ടതായ അംശദായം നിർബന്ധമാക്കി. സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ളതും അപ്രകാരമുള്ള വായ്പകളുടെ തിരിച്ചടവുകാലാവധിക്കുള്ളിൽ മരണപ്പെടുകയും ചെയ്യുന്ന അംഗങ്ങളുടെ വായ്പാ ബാധ്യത നിറവേറ്റുന്നതിനായി സഹകരണ റിസ്ക് ഫണ്ട് സ്കീം രൂപീകരിക്കുന്നതിന് പ്രധാന ആക്റ്റിൽ 57ഡി എന്ന ഒരു പുതിയ വകുപ്പ് കൂട്ടിച്ചേർക്കാൻ കൂടി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

9. സംഘങ്ങൾ മുഖേന വായ്പകൾ നൽകുന്നതിനും അവയുടെ ഈടാക്കലിനും ക്രമപ്രകാരമുള്ള ഒരു മാനദണ്ഡം നിർണ്ണയിക്കുന്നതിന് ആക്റ്റിൽ ഇപ്പോൾ വ്യവസ്ഥ ഇല്ല. അതിനാൽ ഈ ആവശ്യത്തിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് കഴിയും വിധം പ്രധാന ആക്റ്റിലെ 59-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു. ആക്റ്റിൽ സഹകരണ ആഡിറ്റ് ഡയറക്ടർക്കുള്ള അധികാരങ്ങൾ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർക്ക് ഏല്പിച്ചു കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായും സഹകരണ ആഡിറ്റ് ഡയറക്ടറുടെ തസ്തിക രജിസ്ട്രാറുടെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനായും പ്രധാന ആക്റ്റിലെ 63-ാം വകുപ്പിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

10. 64-ാം വകുപ്പിന്റെ നിലവിലുള്ള ഉപവകുപ്പുകൾ, ആഡിറ്റ് ഫീസിന്റെ നിരക്കും ചുമത്തലും മാത്രമേ പരാമർശിക്കുന്നുള്ളു. പ്രസ്തുത വ്യവസ്ഥകളിൽ ആഡിറ്റ് ചെലവും കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒരു സംഘത്തിന്റെ കണക്കുകൾ യഥാസമയം ആഡിറ്റ് ചെയ്യിക്കപ്പെടുന്നതിനും ആഡിറ്റിനുവേണ്ടി ആവശ്യമായ ബുക്കുകളും കണക്കുകളും ലഭ്യമാകുന്നതിനുമുള്ള ചുമതല ഇപ്പോൾ അതിന്റെ കമ്മിറ്റിയിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടില്ല. തൽഫലമായി, വർഷങ്ങളായി ആഡിറ്റ് തീർപ്പാക്കാതെ കിടപ്പുണ്ട്. സംഘങ്ങളുടെ കണക്കുകൾ യഥാസമയം ആഡിറ്റ് ചെയ്യിക്കപ്പെടുന്നതിനായി ചില കർത്തവ്യങ്ങൾ അതിന്റെ കമ്മിറ്റികൾക്ക് വിനിർദ്ദേശിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ആഡിറ്റ് സർട്ടിഫിക്കറ്റുകളിൽ അടങ്ങിയിരിക്കുന്ന ന്യൂനതകൾ, പൊതുയോഗത്തിലോ പ്രാതിനിധ്യ പൊതുയോഗത്തിലോ വയ്ക്കുന്നതും വായിച്ചുകേൾപ്പിക്കുന്നതും രജിസ്ട്രാർക്കും സഹകരണ ആഡിറ്റ് ഡയറക്ടർക്കും ന്യൂനതകൾ പരിഹരിച്ചു കൊണ്ടുള്ള തിരുത്തൽ റിപ്പോർട്ട് സമർപ്പിക്കുന്നതും കമ്മിറ്റിയുടെ ഉത്തരവാദിത്വം ആക്കിയിട്ടുണ്ട്. അതനുസരിച്ചുള്ള സമഗ്രമായ ഭേദഗതികൾ ആക്റ്റിലെ 64-ാം വകുപ്പിൽ വരുത്തിയിട്ടുണ്ട്.

11. സർക്കാർ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥന്മാരെ സംഘത്തിന്റെ ബുക്കുകൾ, കണക്കുകൾ, റിക്കാർഡുകൾ എന്നിവയ്ക്ക് പുറമേ ക്യാഷ് ബാലൻസ്, സെക്യൂരിറ്റികൾ, മറ്റു വസ്തുവകകൾ എന്നിവ കൂടി പരിശോധിച്ച് ബോധ്യപ്പെടുന്നതിന് അധികാരപ്പെടുത്തുന്നതിനും പൊതു പരാതികളുടെ അടിസ്ഥാനത്തിൽ ഒരു സംഘത്തിൽ അന്വേഷണവും പരിശോധനയും നടത്തുന്നതിനും ആക്റ്റിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനായി പ്രധാന ആക്റ്റിലെ 66-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ കൂടി സർക്കാർ തീരുമാനിച്ചു. ഒരു സംഘത്തിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച ചാരിറ്റബിൾ സംഘങ്ങളും കമ്പനികളും അത്തരം കമ്പനികളിലും ചാരിറ്റബിൾ സംഘങ്ങളിലും സഹ കരണ സംഘങ്ങൾ ധനസഹായം നൽകുന്നിടത്ത് പരിശോധിക്കുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നതിന് ആക്റ്റിലെ 66-ാം വകുപ്പിൽ (12)-ാം ഉപവകുപ്പായി, ഒരു പുതിയ ഉപവകുപ്പ് കൂട്ടിച്ചേർക്കുന്നതിനും കൂടി ഇതിനാൽ ഉദ്ദേശിക്കുന്നു.

12. ആക്റ്റിലെ 66 എ വകുപ്പിലുള്ള വ്യവസ്ഥകൾ അനുസരിച്ച്, ഈ ആക്റ്റിലെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനായി സഹകരണസംഘങ്ങൾക്ക് പൊതു നിർദ്ദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിന് രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ആക്റ്റിലെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനായോ അംഗങ്ങളുടെയും പൊതുജനങ്ങളുടെയും നേട്ടത്തി നായി സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയോ, സംഘങ്ങൾക്ക് പൊതു വായതോ പ്രത്യേകമായതോ ആയ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് രജിസ്ട്രാർക്ക് അധികാരം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി പ്രധാന ആക്റ്റിലെ 66 എ വകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു. ഒരു സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പ്രവൃത്തിമൂലം ഒരു സംഘത്തിനുണ്ടായ നഷ്ടം ഈടാക്കു ന്നതിന് പ്രധാന ആക്റ്റിലെ 79-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്നതുപോലെ ഭൂമിയി ന്മേലുള്ള പൊതുക്കര കുടിശ്ശിക എന്നതുപോലെ ഈടാക്കുന്നതിന് രജിസ്ട്രാറിന് അധികാരം നൽകുന്നതിന് പ്രധാന ആക്ടിലെ 68-ാം വകുപ്പിന് കൂടി ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെയുള്ള തുകകൾ ഈടാക്കുന്നതിനായി ഒരു സർചാർജ് ഉത്തരവ് പുറപ്പെടുവിക്കുവാൻ മാത്രമെ ഇപ്പോൾ രജിസ്ട്രാർക്ക് അധികാരമുള്ളു.

13. ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സംഘങ്ങളുടെ ബാങ്കിംഗ് ന്യൂനതകൾ അല്ലെങ്കിൽ മറ്റു സേവനങ്ങളിലെ ന്യൂനതകൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുവാൻ പ്രാപ്തമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സഹകരണ ഓംബുഡ്സ്മാനെ നിയമിക്കുന്നതിനായി പ്രധാന ആക്റ്റിൽ 69 എ വകുപ്പ് കൂട്ടിച്ചേർക്കാൻ സർക്കാർ തീരുമാനിച്ചു. അങ്ങനെ നിയമിക്കപ്പെടുന്ന ഓംബുഡ്സ്മാൻ അല്ലെങ്കിൽ ഓംബുഡ്സ്മെൻ ബാങ്കിംഗിലോ സഹകരണ മേഖലയിലോ പരിചയവും വൈദഗ്ദ്ധ്യവും ഉള്ള ഒരു ആളോ ആളുകളോ ആയിരിക്കേണ്ടതും മാനേജുമെന്റിലോ നിയമത്തിലോ ഒരു ബിരുദവും ഉണ്ടായിരിക്കേണ്ടതുമാണ്. സഹകരണ ആർബിട്രേഷൻ കോടതിയെ സഹായിക്കുന്നതിനായി ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിനായി ആക്റ്റിലെ 70 എ വകുപ്പിലും കൂടി ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു. സംഘങ്ങളെയും അതിന്റെ ഭാരവാഹികളെയും ജീവനക്കാരെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളി ക്കുന്നതിനായി പ്രധാന ആക്റ്റിൽ ഒരു പുതിയ അദ്ധ്യായം, അദ്ധ്യായം X ബി കൂട്ടിച്ചേർക്കാൻ കൂടി തീരുമാനിച്ചു.

14. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന ഒരു തെരഞ്ഞെടുക്കപ്പെട്ട ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന തസ്തികകളിൽ 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ സംവരണ തത്വങ്ങൾ ബാധകമാക്കുന്നതിനായി പ്രകടമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുവേണ്ടി ആക്റ്റിലെ 80-ാം വകുപ്പ് ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നു. സംഘങ്ങളിലെ ജീവനക്കാരുടെ നിയമനങ്ങളിൽ വികലാംഗർക്ക് സംവരണം നൽകുന്നതിനുവേണ്ടിയും, സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും ബോണസും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും നിശ്ചയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും, ഏതെങ്കിലുമോ എല്ലാമോ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സർവ്വീസ് ചട്ടങ്ങളും പെരുമാറ്റ ചട്ടങ്ങളും ഉണ്ടാക്കുന്നതിനുവേണ്ടി പ്രസ്തുത വകുപ്പിന് വീണ്ടും ഭേദഗതികൾ വരുത്തി. 80-ാം വകുപ്പിന് അനുയോജ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് മത്സരപരീക്ഷയുടെയോ യോഗ്യതാ പരീക്ഷയുടേയോ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം വഴി നികത്തേണ്ട തസ്തികകളിലേക്കുള്ള എല്ലാ പരീക്ഷകളും നടത്തുവാൻ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിനെ ചുമതലപ്പെടുത്തുന്നതാണ്. ട്രൈബ്യൂണൽ കേസ് സ്വീകരിച്ചതിനുശേഷം ഒരു അവാർഡ് പാസ്സാക്കുന്നതിനുള്ള സമയ പരിധി നിർണ്ണയിക്കുന്നതിനുവേണ്ടി പ്രധാന ആക്റ്റിലെ 82-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

15. ആക്റ്റിലെ 94-ാം വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങളുടെ ഗൗരവം കൂട്ടുന്നതിനായി സമഗ്ര ഭേദഗതികൾ കൊണ്ടുവരേണ്ടതുണ്ട്. ആക്റ്റിലെ 95-ാം വകുപ്പിനുള്ള നിർദ്ദിഷ്ട ഭേദഗതികൾ പ്രകാരം 94-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾ കൂടി കൊഗ്നൈസബിൾ ആക്കിയിട്ടുണ്ട്. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ വിനിർദ്ദേശിക്കുന്നതിന് 95 എ എന്ന ഒരു പുതിയ വകുപ്പ് പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

16. പ്രധാന ആക്റ്റിലെ 99-ാം വകുപ്പ് അനുസരിച്ച് രജിസ്ട്രാറോ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ലിക്വിഡേറ്ററോ, ഈ ആക്റ്റ് പ്രകാരം പാസ്സാക്കുന്ന തീർപ്പോ അവാർഡോ അതേ ദിവസം തന്നെ പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ അത് പിന്നീടുള്ള ഒരു ദിവസം പ്രഖ്യാപിക്കുകയാണെങ്കിൽ, അത് കക്ഷികൾക്ക് മുറപ്രകാരമുള്ള നോട്ടീസ് നൽകി അറിയിച്ചിരിക്കേണ്ടതാണ്. പ്രസ്തുത വ്യവസ്ഥയുടെ പരിധിക്കുള്ളിൽ സഹകരണ ട്രൈബ്യൂണലിനെയും, ആർബിട്രേഷൻ കോടതിയെയും, ആർബിട്രേറ്ററെയും ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചു. അവാർഡ് പാസ്സാക്കുന്നത് വിചാരണ ചെയ്യുന്ന ദിവസത്തിനുശേഷം ഏതെങ്കിലും തീയതിയിലാണെങ്കിൽ പിന്നീടുള്ള തീയതിയിൽ അന്തിമവാദം കേൾക്കുന്ന ദിവസം പരസ്യമായി പ്രഖ്യാപിക്കുവാനും പ്രത്യേകം നോട്ടീസ് അയയ്ക്കുന്നത് നിർബന്ധമാക്കേണ്ടതില്ലെന്ന് വിനിർദ്ദേശിക്കുന്നതിനും കൂടി ഉദ്ദേശിക്കുന്നു. ഈ ആക്റ്റ് പ്രകാരം രജിസ്ട്രാറിലും, സഹകരണ ആഡിറ്റ് ഡയറക്ടറിലും, വിജിലൻസ് ആഫീസറിലും അല്ലെങ്കിൽ അവരുടെ കീഴിലുള്ള ഏതൊരു ഉദ്യോഗസ്ഥനിലും നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളുടെയും കർത്തവ്യങ്ങളുടെയും ചുമതലകളുടെയും നിർവ്വഹണത്തിനായി പോലീസ് ഉദ്യോഗസ്ഥരുടെ സഹായവും സംരക്ഷണവും അവർക്ക് ഉറപ്പ് വരുത്തുന്നതിനാലാണ് പ്രധാന ആക്റ്റിലെ 108-ാം വകുപ്പിന് നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾകൊണ്ട് ഉദ്ദേശിക്കുന്നത്.

17. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

അർബൻ സഹകരണ ബാങ്കുകളിൽ നിന്നും കടമെടുക്കുന്നവർക്ക് കൂടി 'ഗഹാൻ' ബാധകമാക്കുന്നത് ബില്ലിലെ 12-ാം ഖണ്ഡത്തിൽ വിഭാവനം ചെയ്തിരിക്കുന്നു. ഗഹാൻ സമ്പ്രദായ പ്രകാരം, പണയ ആധാരങ്ങൾ സബ്-രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. പ്രതിവർഷം അർബൻ സഹകരണ ബാങ്കുകൾ വഴി 707 കോടി രൂപ പണയ വായ്പ ഇനത്തിൽ വിതരണം ചെയ്യാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ട്. അർബൻ സഹകരണ ബാങ്കുകളിൽ 'ഗഹാൻ' നടപ്പിലാക്കുന്നതുവഴി, സർക്കാരിന് പണയ ആധാര രജിസ്ട്രേഷൻ ഫീസിന്റെ രണ്ടു ശതമാനവും അതിന്റെ ഒഴിമുറി ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസിന്റെ രണ്ടു ശതമായവും നഷ്ടം വരുന്നതാണ്. അങ്ങനെ സർക്കാരിന്, രജിസ്ട്രേഷൻ ഫീസിനത്തിൽ 28 കോടി രൂപയുടെ റവന്യൂ കമ്മി ഉണ്ടാവുന്നതാണ്. (അതായത്, 707 കോടി രൂപയുടെ 4 ശതമാനം).

ബില്ലിലെ 24-ാം ഖണ്ഡത്തിൽ സഹകരണ ഓംബുഡ്സ്മാൻ പദ്ധതി രൂപീകരിക്കുന്നതിന് വിഭാവനം ചെയ്യുന്നു. ഓംബുഡ്സ്മാൻ അല്ലെങ്കിൽ ഓംബുഡ്സ്മെന്നും അവരോടൊപ്പമുള്ള ഉദ്യോഗസ്ഥർക്കും ജോലിക്കാർക്കും ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും ആഫീസ് കെട്ടിടത്തിനുള്ള വാടക നൽകുന്നതിനുംവേണ്ടി 10,36,000 രൂപയുടെ ഒരു ആവർത്തക ചെലവ് ഉണ്ടാകുന്നതാണ്. സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് ഭരണ ആവശ്യങ്ങൾക്കുവേണ്ടി 5 ലക്ഷം രൂപയുടെ ഒരു പ്രാരംഭ അനാവർത്തക ചെലവും വഹിക്കേണ്ടതായി വരുന്നതാണ്.

ബില്ലിലെ മറ്റു ഖണ്ഡങ്ങൾ നിയമമാക്കുകയും നടപ്പിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ധനപരമായ യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 5-ാം ഖണ്ഡംമൂലം 1969-ലെ കേരള സഹകരണ സംഘം ആക്റ്റിലെ (1969-ലെ 21) 9-ാം വകുപ്പിനോട് കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന ക്ലിപ്ത നിബന്ധന, പൊതുനയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ഒരു സംഘത്തിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡം (ii)-ാം ഉപഖണ്ഡംമൂലം ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 28എ വകുപ്പ് (3)-ാം ഉപവകുപ്പ്, എല്ലാ സംഘങ്ങളിലേയും കമ്മിറ്റികളിൽ വനിതാ അംഗങ്ങളെയും പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗവിഭാഗത്തിൽപ്പെട്ട ഒരു അംഗത്തെയും, പ്രസ്തുത സംഘങ്ങളിലെ കമ്മിറ്റികളിൽ അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ അഭാവത്തിൽ, നാമനിർദ്ദേശം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 14-ാം ഖണ്ഡംമൂലം കൂട്ടി ചേർക്കാനുദ്ദേശിക്കുന്ന 53-ാം വകുപ്പ് (ജി) ഖണ്ഡം, സംഘങ്ങൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായത്തിൽ നിന്നും സർക്കാരിന്

കിട്ടാനുള്ള ഏതു തുകയും തട്ടിക്കഴിക്കുന്നതിനും ഏതൊരു സംഘത്തേയും അതിന്റെ കടങ്ങൾ തട്ടിക്കഴിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 17-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 57ഡി വകുപ്പ്, ഗസറ്റ് വിജ്ഞാപനം വഴി ഒരു റിസ്ക്ക് ഫണ്ട് രൂപീകരിക്കുന്നതിനുവേണ്ടി സഹകരണ റിസ്ക്ക് ഫണ്ട് സ്കീം ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 18-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 59-ാം വകുപ്പ് (3)-ാം ഉപവകുപ്പ്, അംഗങ്ങൾക്കോ അംഗങ്ങളല്ലാത്തവർക്കോ സംഘങ്ങളിൽ നിന്നും വായ്പകളും മുൻകൂറുകളും അനുവദിക്കുന്നതു സംബന്ധിച്ചും, അത് തിരികെ വസൂലാക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിനുമുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 19-ാം ഖണ്ഡംമൂലം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 63-ാം വകുപ്പ് (3)-ാം ഉപവകുപ്പ്, ആക്റ്റ് പ്രകാരമുള്ള സഹകരണ ആഡിറ്റ് ഡയറക്ടറുടെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് തന്റെ കീഴുദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 22-ാം ഖണ്ഡംമൂലം ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 66 എ വകുപ്പ്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി, ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി ഏതെങ്കിലും അല്ലെങ്കിൽ എല്ലാ സഹകരണസംഘങ്ങളെയും മുന്നോട്ടു നയിക്കുന്നതിനുവേണ്ടിയോ, സർക്കാർ നയങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയോ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ഗുണകരമാവുന്ന വിധം, പൊതുമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 24-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 69 എ വകുപ്പ്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണസംഘങ്ങൾ നൽകിവരുന്ന ബാങ്കിംഗ് ഇടപാടുകളിലോ മറ്റു സേവനങ്ങളിലോ ഉള്ള അപര്യാപ്തതകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ പ്രാപ്തമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള സഹകരണ ഓംബുഡ്സ്മാൻ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കുന്നതിനും, ഈ പദ്ധതിയുടെ ആവശ്യത്തിലേക്കായി ഒന്നോ അതിൽ കൂടുതലോ ആൾക്കാരെ ഓംബുഡ്സ്മാൻ ആയി നിയമിക്കുന്നതിനും, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 27-ാം ഖണ്ഡം (iii)-ാം ഉപഖണ്ഡംമൂലം കുട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 80-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും മറ്റാനുകൂല്യങ്ങളും നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ബില്ലിലെ 27-ാം ഖണ്ഡം (iii)-ാം ഉപഖണ്ഡംമൂലം കുട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 80-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പ്, ഉത്തരവ്മൂലം, സഹകരണസംഘങ്ങളിലെ ജീവനക്കാർക്കുവേണ്ടി ഏകീകൃത സർവ്വീസ് ചട്ടങ്ങളും പെരുമാറ്റച്ചട്ടങ്ങളും ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ബില്ലിലെ 27-ാം ഖണ്ഡം (iii)-ാം ഉപഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 80-ാം വകുപ്പിന്റെ (9)-ാം ഉപവകുപ്പ്, സഹകരണസംഘങ്ങളിലെ ജീവനക്കാർക്കെതിരെ സ്വീകരിക്കാവുന്ന സസ്പെൻഷനും ശിക്ഷണ നടപടിയും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ബില്ലിലെ 28-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 80 ബി വകുപ്പിന്റെ (1 എ) ഉപവകുപ്പ്, സംഘങ്ങളിലെ ജീവനക്കാരുടെ ഉദ്യോഗകയറ്റത്തിനു വേണ്ടി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് മത്സരപരീക്ഷകൾ നടത്തേണ്ടതിന്റെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. ഏതുകാര്യങ്ങളെ സംബന്ധിച്ചാണ് വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതു സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ജി. സുധാകരൻ

(ശരിത്തർജ്ജമ)

## 1969-ലെ കേരള സഹകരണ സംഘം ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1969-ലെ 21)

** ** ** **

പീഠിക.—ഇന്ത്യൻ ഭരണഘടനയിൽ സംസ്ഥാന നയം സംബന്ധിച്ച നിർദ്ദേശക തത്വങ്ങളിൽ വിഭാവന ചെയ്തിട്ടുള്ള അപക്ഷപാതം, സാമൂഹ്യനീതി, സാമ്പത്തിക വികസനം എന്നീ ലക്ഷ്യപ്രാപ്തികൾക്കായി സഹകരണസംഘങ്ങളെ സ്വയംഭരണ ജനകീയ സ്ഥാപനങ്ങളായി രൂപീകരിച്ചുകൊണ്ട്, സംസ്ഥാനത്തെ സഹകരണമേഖല ക്രമാനുഗതമായി അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ സംബന്ധിച്ച നിയമങ്ങൾ സംയോജിപ്പിക്കുകയും, ഭേദഗതി ചെയ്യുകയും, ഏകീകരിക്കുകയും ചെയ്യുന്നത് യുക്തമായിരിക്കയാൽ;

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റുവിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

** ** ** **

(ഇസി) "സഹകരണ വികസന ക്ഷേമനിധി" എന്നാൽ 57 എ വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള സഹകരണ വികസന ക്ഷേമനിധി എന്നർത്ഥമാകുന്നു;

** ** ** **

(എച്ച് ബി) "സഹകരണ ആഡിറ്റ് ഡയറക്ടർ" എന്നാൽ 63-ാം വകുപ്പ് (i)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട സഹകരണ ആഡിറ്റ് ഡയറക്ടർ എന്നർത്ഥമാകുന്നതും, ഈ ആക്റ്റ് പ്രകാരം സഹകരണ ആഡിറ്റ് ഡയറക്ടറുടെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ അധികാരങ്ങൾ നൽകിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു;";

** ** ** **

(ഐബി) "ഫെഡറൽ സഹകരണസംഘം" എന്നാൽ ഒന്നിൽകൂടുതൽ ജില്ലകൾ അതിന്റെ പ്രവർത്തന മേഖലയായിട്ടുള്ളതും മറ്റ് സഹകരണ സംഘങ്ങളും വ്യക്തികളും അതിന്റെ അംഗങ്ങളായിട്ടുള്ളതും ആയ ഒരു സംഘം എന്നർത്ഥമാകുന്നു;

** ** ** **

(എൽ) "അംഗം" എന്നാൽ ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയിൽ ചേരുന്ന ഒരാളോ, അങ്ങനെ രജിസ്റ്റർ ചെയ്തതിനുശേഷം ഈ ആക്റ്റും ചട്ടങ്ങളും ഉപനിയമങ്ങളും അനുസരിച്ച് അംഗമായി ചേർക്കപ്പെടുന്ന ഒരാളോ എന്നർത്ഥമാകുന്നതും, അതിൽ നാമമാത്രമായ അംഗമോ, സഹാംഗമോ ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

(ഒഎ) "പ്രാഥമിക കാർഷിക വായ്പാ സംഘം" എന്നാൽ കാർഷിക വായ്പ പ്രവർത്തനങ്ങൾ മുഖ്യലക്ഷ്യമാക്കിയിട്ടുള്ളതും അതിന്റെ പ്രവർത്തന മേഖല ഒരു ഗ്രാമ പഞ്ചായത്തിലോ ഒരു മുനിസിപ്പാലിറ്റിയിലോ ഉള്ളതുമായ ഒരു സർവ്വീസ് സഹകരണ സംഘവും, ഒരു സർവ്വീസ് സഹകരണബാങ്കും, ഒരു കർഷക സർവ്വീസ് സഹകരണ ബാങ്കും ഒരു ഗ്രാമീണ ബാങ്കും ഉൾപ്പെടുന്നതുമാകുന്നു :

എന്നാൽ പ്രവർത്തന മേഖലയെ സംബന്ധിച്ച നിയന്ത്രണം 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുള്ള സംഘങ്ങൾക്കോ ബാങ്കുകൾക്കോ ബാധകമാകുന്നതല്ല;

** ** ** **

(റ്റി എ) "അർബൻ സഹകരണ ബാങ്ക്" എന്നാൽ നഗര പ്രദേശങ്ങളിൽ പ്രവത്തന മേഖലയുള്ളതും ബാങ്കിംഗ് ഇടപാടുകൾ നടത്തുന്നതുമായ ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സംഘം എന്നർത്ഥമാകുന്നു;

** ** ** **

6. സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ.—(1) ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിൽ രജിസ്ട്രാറുടെയടുക്കൽ ബോധിപ്പിക്കേണ്ടതും, സംഘത്തെപ്പറ്റി അദ്ദേഹം ആവശ്യപ്പെടാവുന്ന വിവരം അപേക്ഷകൻ അദ്ദേഹത്തിന് നൽകേണ്ടതുമാണ്.

(2) അങ്ങനെയുള്ള ഏതൊരപേക്ഷയുടെയും കാര്യത്തിൽ താഴെപ്പറയുന്നവ അനുസരിച്ചിരിക്കണം, അതായത്:—

(എ) സംഘത്തിന്റെ നിർദിഷ്ട ഉപനിയമങ്ങളുടെ മൂന്നു പ്രതികൾ അപേക്ഷയോടുകൂടി അയയ്ക്കണം.

(ബി) എല്ലാ അപേക്ഷകരും വ്യക്തികളാണെങ്കിൽ, അപേക്ഷകരുടെ എണ്ണം ഇരുപത്തിയഞ്ചിൽ കവിയാൻ പാടില്ലാത്തതും, അവരിൽ ഓരോ ആളും വ്യത്യസ്ഥ കുടുംബത്തിലെ അംഗമായിരിക്കേണ്ടതും ആകുന്നു.

വിശദീകരണം :—ഈ ഖണ്ഡത്തിന്റെ ആവശ്യാർത്ഥം "കുടുംബത്തിലെ അംഗം" എന്നതിന് ഭാര്യ, ഭർത്താവ്, അച്ഛൻ, അമ്മ, അച്ഛന്റെയോ അമ്മയുടെയോ അച്ഛൻ, അച്ഛന്റെയോ അമ്മയുടെയോ അമ്മ, പിറക്കാത്ത അച്ഛൻ, പിറക്കാത്ത അമ്മ, മകൻ, മകൾ, പിറക്കാത്ത മകൻ, പിറക്കാത്ത മകൾ, പൌത്രൻ, പൌത്രി, സഹോദരൻ, സഹോദരി, അർദ്ധ സഹോദരൻ, അർദ്ധ സഹോദരി എന്നിവരും സഹോദരന്റെയോ അർദ്ധ സഹോദരന്റെയോ ഭാര്യയും എന്നർത്ഥമാകുന്നു.

(സി) വ്യക്തിയായിട്ടുള്ള ഓരോ അപേക്ഷകനും ഗവൺമെന്റിനോ അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും സംഘത്തിനോ വ്യക്തികളുടെ മറ്റു സംഘത്തിനോ വേണ്ടി യഥാവിധി അധികാരപ്പെടുത്തപ്പെട്ട ആളും അപേക്ഷയിൽ ഒപ്പിട്ടിരിക്കണം.

** ** ** **

9. സഹകരണ സംഘങ്ങൾ ഏകാംഗീകൃത നികായങ്ങളായിരിക്കണമെന്ന്.—ഒരു സംഘം രജിസ്റ്റർ ചെയ്താൽ അത് ആ സംഘത്തെ അത് രജിസ്റ്റർ ചെയ്തിട്ടുള്ള പേരിൽ, ശാശ്വതമായ പിൻതുടർച്ചാവകാശവും, ഒരു പൊതുമുദ്രയും വസ്തു കൈവശം വയ്ക്കുന്നതിനും, കരാറുകളിലേർപ്പെടുന്നതിനും, വ്യവഹാരങ്ങളും മറ്റു നിയമാനുസൃത നടപടികളും തുടങ്ങുന്നതിനും, അവയിൽ പ്രതിവാദം ചെയ്യുന്നതിനും, അത് ഏത് ഉദ്ദേശങ്ങൾക്കുവേണ്ടി രൂപീകരിച്ചുവോ ആ ഉദ്ദേശങ്ങൾക്കാവശ്യമുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നതിനുവേണ്ട അധികാരം ഉള്ള ഒരു ഏകാംഗീകൃത നികായമാക്കിത്തീർക്കുന്നതാണ്.

** ** ** **

28. കമ്മിറ്റിയെ നിയമിക്കൽ.—(1) സംഘത്തിന്റെ ജനറൽബോഡി, ഉപനിയമങ്ങൾക്കനുസരണമായി അഞ്ചുവർഷത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും, സംഘകാര്യാദികളുടെ നടത്തിപ്പ് ആ കമ്മിറ്റിയെ ഏൽപ്പിക്കുകയും ചെയ്യേണ്ടതുമാകുന്നു :

എന്നാൽ ഈ ആക്റ്റ് നടപ്പിൽ വന്നതിനുശേഷം, രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സംഘത്തിന്റെ സംഗതിയിൽ, സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയിൽ ഒപ്പുവെച്ച ആളുകൾക്ക്, രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്നുമാസക്കാലത്തേയ്ക്കോ അഥവാ ആവശ്യമെന്ന് രജിസ്ട്രാർക്ക് തോന്നാവുന്ന കൂടുതൽ കാലത്തേക്കോ സംഘത്തിന്റെ കാര്യാദികൾ നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതാണ്. എന്നാൽ, ഈ ക്ലിപ്ത നിബന്ധന പ്രകാരം നിയമിക്കുന്ന കമ്മിറ്റിയുടെ പ്രവർത്തനം ഉപനിയമങ്ങളനുസരിച്ച് കമ്മിറ്റി രൂപീകരിച്ചാലുടൻ അവസാനിക്കുന്നതാണ്.

എന്നുമാത്രമല്ല ഉപനിയമങ്ങളിൽ അപ്രകാരം വ്യവസ്ഥയുള്ള പക്ഷം സർക്കാരിനോ, രജിസ്ട്രാർക്കോ ആദ്യ കമ്മിറ്റിയിലെ പ്രസിഡന്റോ ചെയർമാനോ ഉൾപ്പെടെയുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ അംഗങ്ങളെ പന്ത്രണ്ട് മാസത്തിൽ കവിയാത്ത കാലയളവിലേക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്:

എന്നുമാത്രമല്ല 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് രൂപീകരിക്കപ്പെട്ട ഒരു കമ്മിറ്റിക്ക് അഞ്ചു വർഷക്കാലാവധി വരെ തുടരാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ്, ഒരു കമ്മിറ്റി അതിന്റെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ടെങ്കിൽ ആ കമ്മിറ്റിക്ക് മുകളിൽ പറഞ്ഞിരിക്കുന്ന ക്ലിപ്ത നിബന്ധന ബാധകമാകുന്നതല്ല.

(1 എ) ഒരു സംഘത്തിന്റെ ഉപനിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രാഥമിക സഹകരണ സംഘങ്ങളുടെ സംഗതിയിൽ കമ്മിറ്റിയിലെ അംഗങ്ങളുടെ പരമാവധി എണ്ണം പതിനഞ്ചിൽ കവിയാൻ പാടില്ലാത്തതും, മറ്റ് എല്ലാത്തരത്തിലുള്ള സഹകരണ സംഘങ്ങളുടെ സംഗതയിലും ഇരുപത്തിയഞ്ചിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

(1 ബി) ഏതെങ്കിലും ഫെഡറൽ സഹകരണ സംഘത്തിന്റെ ഉപനിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംഘത്തിന്റെയും അതിന്റ കമ്മിറ്റിയിലെയും വ്യക്തികളായ അംഗങ്ങൾ, അതതുസംഗതിപോലെ, സംഘത്തിന്റെയോ കമ്മിറ്റിയുടെയോ, മൊത്തം അംഗസംഖ്യയുടെ ഇരുപത്തിയഞ്ചു ശതമാനത്തിൽ കവിയാൻ പാടില്ലാത്താണ്.

(2) തൽക്കാലം നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരാൾ—

(എ) അതേ തരത്തിലുള്ള മറ്റൊരു സംഘത്തിന്റെ കമ്മിറ്റിയിലെ അംഗമായിരിക്കുകയോ; അഥവാ

(ബി) അയാൾ, വിവിധ തരത്തിലോ അഥവാ വിവിധതരങ്ങളിലോ പെട്ട രണ്ടോ അതിലധികമോ സംഘങ്ങളുടെ കമ്മിറ്റികളിലെ ഒരംഗമായിരിക്കുകയോ ചെയ്യുന്ന പക്ഷം അയാൾ ഒരു കമ്മിറ്റിയിലെ അംഗമായി നിയമിക്കപ്പെടുന്നതിനോ അംഗമായിരിക്കുന്നതിനോ,

അയോഗ്യനായിരിക്കുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും തന്നെ ഒരാൾ ഒരു സംഘത്തിലെ ഡെലിഗേറ്റായി തെരഞ്ഞെടുക്കപ്പെടുന്നതിനോ അഥവാ ഡെലിഗേറ്റ് ആയിരിക്കുന്നതിനോ അയാളെ അയോഗ്യനാക്കുന്നതായി കരുതപ്പെടാവുന്നതല്ല.

(3) (2)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡത്തിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ ഒരു സംഘത്തിന്റെ കമ്മിറ്റിയിലെ ഒരംഘം അതേതരത്തിലുള്ള അപ്പക്സ് സംഘത്തിന്റെയോ അഥവാ കേന്ദ്ര സംഘത്തിന്റേയോ കമ്മിറ്റിയിലെ ഒരംഗമായി നിയമിക്കപ്പെടുന്നതിനോ അഥവാ ഒരംഗമായിരിക്കുന്നതിനോ അയാളെ അയോഗ്യനാക്കുന്നതായി കരുതപ്പെടാവുന്നതല്ല.

എന്നാൽ യാതൊരാളും ഒരേ തരത്തിലുള്ള ഒന്നിൽക്കൂടുതൽ സംഘത്തിന്റെ പ്രസിഡന്റായിരിക്കുകയോ അഥവാ ചെയർമാനായിരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(4) കമ്മിറ്റിയിലെ അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ഓണറേറിയം കൊടുക്കാവുന്നതാണ്.

(5) കമ്മിറ്റിയുടെ ഒരു മീറ്റിംഗിനുവേണ്ട ക്വാറം ആ കമ്മിറ്റിയിലെ ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ അമ്പതു ശതമാനത്തിൽ അൽപ്പം കൂടുതൽ വരുന്ന എണ്ണം അംഗങ്ങളായിരിക്കേണ്ടതാണ്.

28എ. വനിതാ അംഗങ്ങൾക്കും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട അംഗങ്ങൾക്കും കമ്മിറ്റിയിൽ സംവരണം ഉണ്ടായിരിക്കുമെന്ന്—(1) ഈ ആക്റ്റിലോ ചട്ടങ്ങളിലോ ഉപനിയമങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓരോ സംഘങ്ങളിലേയും കമ്മിറ്റിയിൽ, ഒരു സീറ്റ് ഒരു വനിതാ അംഗത്തിനും, ഒരു സീറ്റ് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ഒരംഗത്തിനുമായി സംവരണം ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ വനിതാ അംഗങ്ങളെയും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട അംഗങ്ങളെയും കമ്മിറ്റിയിലെ സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത സീറ്റുകളിലേക്ക് തെരഞ്ഞടുക്കുന്നതിന് തടസ്സമാകുന്നതല്ല.

(3) 1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിൽ, ഏതെങ്കിലും അപ്പക്സ് സംഘത്തിന്റെയോ കേന്ദ്ര സംഘത്തിന്റെയോ കമ്മിറ്റിയിൽ ഒരു വനിതാ അംഗത്തിന്റെയോ, അഥവാ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ഒരംഗത്തിന്റെയോ പ്രാതിനിധ്യം ഇല്ലാതെ വരുന്നിടത്ത് സർക്കാരിനോ രജിസ്ട്രാർമാർക്കോ യഥാക്രമം ഒരു വനിതാ അംഗത്തിനെയോ, പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ഒരംഗത്തിനെയോ കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(4) ഒരു സംഘത്തിന്റെയോ ബാങ്കിന്റെയോ കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരാൾക്ക് അപ്രകാരമുള്ള കമ്മിറ്റികളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗത്തിനുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, അതതു സംഗതിപോലെ, ഗവൺമെന്റിനോ അല്ലെങ്കിൽ രജിസ്ട്രാർക്കോ ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കാവുന്നതുമാണ്.

** ** ** **

28. എഎ. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് മുതലായവരുടെ തെരഞ്ഞെടുപ്പും, നീക്കം ചെയ്യലും.—(1) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ച ഒരു കമ്മിറ്റി, അവരിൽ നിന്നും ഒരു പ്രസിഡന്റ്, ഒരു വൈസ് പ്രസിഡന്റ്, ഒരു ട്രഷറർ അല്ലെങ്കിൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ അയാൾക്ക് എന്തുതന്നെ ഉദ്യോഗപ്പേര് നൽകിയാലും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, തെരഞ്ഞെടുക്കേണ്ടതാണ്.

(2) ഒരു കമ്മിറ്റി അതിന്റെ പ്രസിഡന്റിനെയോ, വൈസ് പ്രസിഡന്റിനെയോ, ട്രഷററേയോ അഥവാ കമ്മിറ്റിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ, നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾക്ക് അനുസൃതമായി, അവരിൽ ഏതെങ്കിലും ഒരാളിലോ അല്ലെങ്കിൽ എല്ലാവരിലുമോ അവിശ്വാസം രേഖപ്പെടുത്തുന്ന ഒരു പ്രമേയം അങ്ങനെയുള്ള കമ്മിറ്റിയിലെ ഭൂരിപക്ഷ അംഗങ്ങളുടെ പിന്തുണയോടെ പാസ്സാക്കുന്ന പക്ഷം, ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്.

** ** ** **

28. ബി. സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ.—(1) ഈ ആക്റ്റിലോ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കർ ഗസറ്റ് വിജ്ഞാപനംമൂലം, സംസ്ഥാനത്തെ എല്ലാ വായ്പാ സംഘങ്ങളുടെയും അപ്പക്സ് സംഘങ്ങളുടെയും, കേന്ദ്ര സംഘങ്ങളുടെയും ഫെഡറൽ സംഘങ്ങളുടെയും കമ്മിറ്റികളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിന് മേൽനോട്ടം വഹിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും നിയന്ത്രിക്കുന്നതിനുംവേണ്ടി ഒരു സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കേണ്ടതാണ്. സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, മറ്റേതെങ്കിലും സംഘത്തിന്റെയോ അഥവാ മറ്റേതെങ്കിലും വിഭാഗത്തിലുള്ള സംഘങ്ങളുടെയോ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിന്, മേൽനോട്ടം വഹിക്കുന്നതിനും നിർദ്ദേശം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ ചുമതലപ്പെടുത്താവുന്നതാണ് :

എന്നാൽ ഈ ഉപവകുപ്പിൻകീഴിൽ വരാത്ത സംഘങ്ങളെ സംബന്ധിച്ച് അവയുടെ കമ്മിറ്റികളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി, ഈ ആക്റ്റിലും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലും അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(2) അഞ്ചുവർഷ കാലയളവിലേക്ക്, സർക്കാർ നിയമിക്കുന്ന ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ആയിരിക്കുന്നതാണ്. സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമന വ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ളതായിരിക്കും.

(3) സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ, ഗവൺമെന്റുമായി കൂടിയാലോചിച്ച് അത്തരം സംഘത്തിന്റെ കമ്മറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിന് കമ്മീഷനെ സഹായിക്കുന്നതിനായി ഗവൺമെന്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യേണ്ടതാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, ഗവൺമെന്റിന്, ഒരു സംഘത്തിന്റെ കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പുകളെ സംബന്ധിച്ചതോ അതുമായി ബന്ധപ്പെട്ടതോ ആയ എല്ലാ കാര്യങ്ങളെക്കുറിച്ചും ചട്ടപ്രകാരം വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

** ** ** **

32. <u>കമ്മിറ്റിയെ നീക്കി പകരം കമ്മിറ്റിയെ നിശ്ചയിക്കൽ.</u>—(1) രജിസ്ട്രാർക്ക് അദ്ദേഹം സ്വയമേവയോ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥർ മുഖേനയോ ഒരു അന്വേഷണം നടത്തിയ ശേഷമോ അല്ലെങ്കിൽ ധനസഹായം ചെയ്യുന്ന ബാങ്കിന്റെയോ ഗവൺമെന്റിന്റെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെയോ അല്ലെങ്കിൽ വിജിലൻസ് ഓഫീസറുടെയോ റിപ്പോർട്ടിൻമേലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഏതെങ്കിലും സംഘത്തിന്റെ കമ്മിറ്റി,—

(എ) ഈ ആക്റ്റിനാലോ ചട്ടങ്ങളാലോ ഉപനിയമങ്ങളാലോ അതിൻമേൽ ചുമത്തപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ നിരന്തരമായി വീഴ്ച വരുത്തുകയോ അവ നിറവേറ്റുന്നതിൽ അശ്രദ്ധ കാണിക്കുകയോ സംഘത്തിന്റെ താൽപ്പര്യങ്ങൾക്ക് ഹാനികരമായ വിധത്തിൽ എന്തെങ്കിലും പ്രവർത്തിക്കുകയോ; അല്ലെങ്കിൽ

(ബി) ഈ ആക്റ്റോ ചട്ടങ്ങളോ പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും നിയമാനുസൃതമായ ഉത്തരവോ നിർദ്ദേശമോ മനഃപൂർവ്വം അനുസരിക്കാതിരിക്കുകയോ പാലിക്കുന്നതിന് വീഴ്ച വരുത്തുകയോ; അല്ലെങ്കിൽ

(സി) ഈ ആക്റ്റിനോ ചട്ടങ്ങൾക്കോ ഉപനിയമങ്ങൾക്കോ വിരുദ്ധമായി ഏതെങ്കിലും തുക കൊടുക്കുകയോ അല്ലെങ്കിൽ വിശ്വാസ വഞ്ചനയാലോ മനഃപൂർവ്വമുള്ള അശ്രദ്ധയാലോ സംഘത്തിന്റെ ആസ്തികൾക്ക് ഏതെങ്കിലും നഷ്ടമോ ഹാനിയോ ഉണ്ടാക്കുകയോ; അല്ലെങ്കിൽ

(ഡി) രേഖകൾ ദുരുപയോഗപ്പെടുത്തുകയോ നശിപ്പിക്കുകയോ അല്ലെങ്കിൽ അവയ്ക്ക് ഹാനി വരുത്തുകയോ അഥവാ ഏതെങ്കിലും തിരിമറിയോ തെറ്റായ നടപടിയോ മറച്ചുവയ്ക്കുന്നതിനായി രേഖകൾ നശിപ്പിക്കാൻ ഇടയാക്കുകയോ, ചെയ്യുന്നു എന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, അദ്ദേഹത്തിന്, കമ്മിറ്റിക്ക് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ ഒരവസരം നൽകിയതിനുശേഷം രേഖാമൂലമായ ഉത്തരവ് പ്രകാരം കമ്മിറ്റിയെ നീക്കം ചെയ്യാവുന്നതും ആറ് മാസത്തിൽ കവിയാത്ത കാലത്തേക്ക്, തൽസ്ഥാനത്ത് സംഘത്തിന്റെ മൂന്നിൽ കവിയാത്ത അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുതിയ കമ്മിറ്റിയെ നിയമിക്കാവുന്നതും അല്ലെങ്കിൽ സംഘത്തിന്റെ കാര്യനിർവ്വഹണത്തിനായി, ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരം, സംഘത്തിലെ അംഗങ്ങളല്ലാത്ത, മൂന്നിൽ കവിയാത്ത അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കാവുന്നതും, പ്രസ്തുത കാലാവധി രജിസ്ട്രാറുടെ വിവേചനാധികാരത്തിൽ, കാലാകാലങ്ങളിൽ നീട്ടാവുന്നതും, എന്നിരുന്നാലും ആകെ കാലാവധി ഒരു വർഷത്തിലധികം ആകുവാൻ പാടില്ലാത്തതുമാകുന്നു.

** ** ** **

33. <u>കമ്മിറ്റി മുതലായവ രൂപീകരിക്കാൻ വീഴ്ചവരുത്തുന്ന പക്ഷം പുതിയ കമ്മിറ്റിയോ അഥവാ ഭരണകർത്താവിനെയോ നിയമിക്കൽ.</u>—(1) കമ്മിറ്റിയുടെ കാലാവധി അവസാനിച്ചിരിക്കുകയും ഒരു പുതിയ കമ്മിറ്റി രൂപീകരിക്കാതിരിക്കുകയും ചെയ്യുകയോ, അഥവാ നിലവിലിരിക്കുന്ന കമ്മിറ്റിക്കെതിരായി പൊതുയോഗം ഒരു അവിശ്വാസ പ്രമേയം പാസ്സാക്കിയിരിക്കുകയോ അഥവാ നിലവിലിരിക്കുന്ന കമ്മിറ്റി ഒന്നടങ്കം രാജിവയ്ക്കുകയോ അഥവാ ഒന്നുകിൽ രാജിമൂലമോ അഥവാ മറ്റു വിധത്തിലോ കമ്മിറ്റിയിൽ ഒഴിവുകൾ ഉണ്ടാവുകയോ ശേഷിച്ച അംഗസംഖ്യയ്ക്ക് കമ്മിറ്റി യോഗത്തിനുള്ള ക്വാറം തികയ്ക്കുന്നതിന് കഴിയാതെ വരികയോ അഥവാ കമ്മിറ്റി അതിന്റെ മുറപ്രകാരമുള്ള യോഗം തുടർച്ചയായി ആറുമാസത്തേക്ക് നടത്തുന്നതിന് വീഴ്ച വരുത്തുകയോ; അഥവാ

(എ) നിലവിലിരിക്കുന്ന കമ്മിറ്റിയുടെ കാലാവധി അവസാനിക്കുന്നതിന് മുൻപ് ഒരു പുതിയ കമ്മിറ്റി രൂപീകരിക്കാൻ സാദ്ധ്യമല്ലെന്നോ അഥവാ,

(ബി) നിലവിലിരിക്കുന്ന കമ്മിറ്റിയുടെ കാലാവധി തീരുന്ന തീയതിക്ക് ഒരു പുതിയ കമ്മിറ്റി പ്രവർത്തനത്തിലേർപ്പെടുന്നത് തടയപ്പെട്ടിരിക്കുന്നുവെന്നോ അഥവാ പുതിയ കമ്മിറ്റി പ്രവർത്തനത്തിലേർപ്പെടുന്നതിൽ വീഴ്ചവരുത്തുന്നുവെന്നോ രജിസ്ട്രാർക്ക് ബോദ്ധ്യമാകുകയോ; ചെയ്യുന്ന പക്ഷം രജിസ്ട്രാർക്ക് സ്വമേധയായോ അഥവാ സംഘത്തിലെ ഏതെങ്കിലും അംഗത്തിന്റെ അപേക്ഷയിൻമേലോ സർക്കിൾ സഹകരണ സംഘത്തെ അറിയിച്ചതിന് ശേഷം,

(i) സംഘത്തിലെ മൂന്നിൽ കൂടുതലല്ലാത്ത അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുതിയ കമ്മിറ്റിയെയോ ; അഥവാ

(ii) മൂന്നിൽ കൂടുതലല്ലാത്ത ഭരണകർത്താക്കൾ അവർ സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നില്ല. ഉത്തരവിൽ പ്രത്യേകം പറയാവുന്ന പ്രകാരം ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക്, ഈ കാലം രജിസ്ട്രാറുടെ വിവേചനം അനുസരിച്ച് എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാലും കാലാകാലങ്ങളിൽ നീട്ടിക്കൊടുക്കാവുന്നതും, എന്നാൽ, യാതൊരു കാരണവശാലും ഒട്ടാകെയുള്ള കാലയളവിൽ ഒരു സംഗതിയിലും, ഒരു വർഷമോ അല്ലെങ്കിൽ പുതിയ കമ്മിറ്റി പ്രവർത്തനത്തിൽ പ്രവേശിക്കുന്നതോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അതിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

എന്നാൽ അങ്ങനെയുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, രജിസ്ട്രാർ സംഘത്തിന്റെ ഹെഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ, അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ നോട്ടീസിൽ പ്രത്യേകം പറയുന്ന സമയത്തിനകം ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊണ്ട് ഒരു നോട്ടീസ് പ്രസിദ്ധപ്പെടുത്തേണ്ടതും, അങ്ങനെയുള്ള ആക്ഷേപങ്ങൾ പരിഗണിക്കേണ്ടതുമാണ് :

എന്നുമാത്രമല്ല അങ്ങനെയുള്ള നോട്ടീസ്, അങ്ങനെ ചെയ്യുന്നത് ന്യായമായും പ്രായോഗികമല്ലെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യമുള്ള സംഗതികളിൽ, പ്രസിദ്ധീകരിക്കേണ്ട ആവശ്യമില്ലാത്തതാകുന്നു.

എന്നുതന്നെയുമല്ല, 1992-ലെ കേരള സഹകരണസംഘം (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുമ്പോൾ ഒരു കമ്മിറ്റിയോ, അഡ്മിനിസ്ട്രേറ്ററോ, അഡ്മിനിസ്ട്രേറ്റർമാരോ, അതതുസംഗതിപോലെ, അധികാരത്തിലിരിക്കുന്നിടത്ത്, അങ്ങനെയുള്ള കമ്മിറ്റിയുടെയോ, അഡ്മിനിസ്ട്രേറ്ററുടെയോ അഡ്മിനിസ്ട്രേറ്റർമാരുടെയോ കാലാവധി, അതതുസംഗതി പോലെ, അപ്രകാരം പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ വീണ്ടും ഒരു വർഷത്തിൽ കവിയാത്ത കാലയളവിലേക്ക് നീട്ടിക്കൊടുക്കാവുന്നതാണ്.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, കമ്മിറ്റിയിലെ അംഗം രാജി സമർപ്പിക്കുന്നത് കമ്മിറ്റിയിലെ അയാളുടെ അംഗത്വം അവസാനിക്കുന്ന ഫലമുണ്ടായിരിക്കുന്നതാണ്.

36എ. കടം വാങ്ങിയ ആളിന്റെ സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളിൻമേൽ, ഗഹാൻ സൃഷ്ടിച്ചുകൊണ്ടുള്ള ചാർജ്ജ്.—ഈ ആക്ടിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കടം വാങ്ങുന്ന ഒരാളിന്റെ സ്ഥാവരമോ ജംഗമമോ ആയ വസ്തുവിൻമേൽ, സംസ്ഥാന സഹകരണ ബാങ്കിന്റേയോ ജില്ലാ സഹകരണ ബാങ്കിന്റേയോ പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റേയോ പ്രാഥമിക ഭവന നിർമ്മാണ സംഘത്തിന്റെയോ പേർക്ക്, ഗഹാൻവഴി ചാർജ്ജ് സൃഷ്ടിക്കാവുന്നതും, ആയതിന് കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരമുള്ള, 1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകൾ ആക്റ്റിലെ (1984-ലെ 20) 10 മുതൽ 15 വരെയുള്ള വകുപ്പുകളിലെ (രണ്ടും ഉൾപ്പെടെ) വ്യവസ്ഥകൾ, പ്രസ്തുത വകുപ്പുകളിലുള്ള "കാർഷിക-ഗ്രാമീണവികസന ബാങ്ക്", "പ്രാഥമിക ബാങ്ക്", "ബാങ്ക്", "പ്രസ്തുത ബാങ്കുകൾ" എന്നീ വാക്കുകൾക്കു പകരം യഥാക്രമം "സംസ്ഥാന സഹകരണ ബാങ്ക്" അഥവാ ജില്ലാ സഹകരണ ബാങ്കുകൾ, "പ്രാഥമിക കാർഷിക

വായ്പാ സംഘം അഥവാ പ്രാഥമിക ഭവനനിർമ്മാണ സംഘം'', ''സംഘം'' ''പ്രസ്തുത ബാങ്ക് അഥവാ സംഘം'' എന്നീ വാക്കുകൾ പകരം ചേർത്തുവരുത്തിയ ഭേദഗതിയോടു കൂടി, ബാധകമാകുന്നതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി 'ഗഹാൻ' എന്നാൽ വായ്പാ യിനത്തിൽ മുൻകൂർ നൽകിയതോ അഥവാ മുൻകൂർ നൽകേണ്ടതോ ആയ പണം തിരികെ ലഭിക്കുന്നതിന്റെ ഉറപ്പിലേക്കായി കടം വാങ്ങുന്ന ആൾ സ്ഥാവരമോ ജംഗമമോ ആയ വസ്തുവിൻമേൽ, കേവലം രേഖാമൂലമുള്ള ഒരു പ്രഖ്യാപനത്തിലൂടെ, സംസ്ഥാന സഹകരണ ബാങ്കിന്റെയോ ഒരു ജില്ലാ സഹകരണ ബാങ്കിന്റെയോ ഒരു പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെയോ ഒരു പ്രാഥമിക ഭവന നിർമ്മാണ സംഘത്തി ന്റെയോ പേർക്ക്, സൃഷ്ടിക്കുന്നതായ ഒരു പ്രത്യേക ചാർജ്ജ് എന്നർത്ഥമാകുന്നതും അതിന് ഒരു സാധുതയുള്ള പണയത്തിന്റെ എല്ലാ സ്വഭാവ വിശേഷങ്ങളും ഉണ്ടായിരി ക്കുന്നതുമാണ്.

** ** ** **

37. ചില സംഗതികളിൽ സംഘത്തിന്റെ തേർച്ച നേരിടുന്നതിനായി ശമ്പള ത്തിൽനിന്ന് കിഴിവ് ചെയ്യൽ.—(1) തൽക്കാലം നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംഘത്തിലെ ഒരംഗത്തിന്, തന്റെ തൊഴിലുടമയ്ക്കോ അഥവാ തന്റെ ശമ്പളമോ വേതനമോ നൽകുന്ന ഉദ്യോഗസ്ഥനോ, തൊഴിലുടമ തനിക്ക് നൽകേണ്ട ശമ്പളത്തിൽനിന്നോ, വേതനത്തിൽ നിന്നോ ഉടമ്പടിയിൽ പറയാവുന്ന തുക കിഴിക്കുന്നതിനും അപ്രകാരം കിഴിക്കുന്ന തുക ആ അംഗം സംഘത്തിനു കൊടുക്കേ ണ്ടതായ വല്ല കടമോ, മറ്റു തുകയോ കൊടുത്തു തീർക്കുന്നതിനായി സംഘത്തെ ഏൽപ്പിക്കുന്നതിനും തക്ക അധികാരമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തു കൊണ്ട് ഒരു ഉടമ്പടി ആ സംഘത്തിന്റെ പേർക്ക് എഴുതി കൊടുക്കാവുന്നതാകുന്നു.

(2) അങ്ങനെ ഉടമ്പടി എഴുതിക്കൊടുത്താൽ തൊഴിലുടമയോ (1)-ാം ഉപ വകുപ്പിൽ പറഞ്ഞപ്രകാരം അങ്ങനെയുള്ള ഏതെങ്കിലും അംഗത്തിന്റെ ശമ്പളമോ വേതനമോ നൽകുന്ന തൊഴിലുടമയോ ഉദ്യോഗസ്ഥനോ സംഘം രേഖാമൂലമായ അപേക്ഷ പ്രകാരം അങ്ങനെ ആവശ്യപ്പെടുകയാണെങ്കിലും, അങ്ങനെയുള്ള കടമോ, തുകയോ അഥവാ അതിന്റെ ഏതെങ്കിലും, ഭാഗമോ കൊടുത്തുതീർക്കാതെ അവശേഷി ക്കുന്നിടത്തോളം കാലവും ഉടമ്പടി അനുസരിച്ച് കിഴിവുചെയ്യേണ്ടതും, അപ്രകാരം കിഴിവുചെയ്യുന്ന തുക കിഴിവുചെയ്യുന്ന തീയതി മുതൽ ഏഴു ദിവസത്തിനകം സംഘ ത്തിനു നൽകേണ്ടതുമാകുന്നു.

** ** ** **

53. സംഘങ്ങൾക്കു മറ്റുരീതിയിലുള്ള സംസ്ഥാനസഹായം.—തൽക്കാലം നില വിലുള്ള വല്ല നിയമത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും, ഗവൺമെന്റിന്.—

(എ) സംഘങ്ങൾക്ക് വായ്പകളോ മുൻകൂറുകളോ നൽകുകയും,

(ബി) സംഘം പുറപ്പെടുവിക്കുന്ന ഡിബഞ്ചർ കടപ്പത്രം സംബന്ധിച്ചിട ത്തോളം, മുതൽ തിരിയെ അടയ്ക്കുകയും, പലിശ അടയ്ക്കുകയും ചെയ്യുന്നതിന് ഉറപ്പുനൽകുകയും,

(സി) സംഘത്തിന്റെ ഓഹരി മൂലധനവും, അതിൻമേലുള്ള ലാഭപങ്കും ഗവൺമെന്റ് പ്രത്യേകം പറയാവുന്ന നിരക്കിൽ തിരികെ അടയ്ക്കുന്നതിന് ഉറപ്പു നൽകുകയും,

(ഡി) സംഘത്തിന് നൽകുന്ന വായ്പകളും മുൻകൂറുകളും സംബന്ധിച്ചിടത്തോളം മുതൽ തിരികെ അടയ്ക്കുകയും അവയിൻമേലുള്ള പലിശ അടയ്ക്കുകയും ചെയ്യുന്നതിന് ഉറപ്പു നൽകുകയും,

(ഇ) സംഘത്തിന് ലഭിച്ച ഡിപ്പോസിറ്റുകൾ തിരികെ കൊടുക്കുകയും അങ്ങനെയുള്ള ഡിപ്പോസിറ്റുകളിൻമേലുള്ള പലിശ അടയ്ക്കുകയും ചെയ്യുന്നതിന് ഉറപ്പ് നൽകുകയും,

(എഫ്) ഏതെങ്കിലും സംഘത്തിന് സബ്സിഡി ഉൾപ്പെടെ മറ്റേതെങ്കിലും രീതിയിൽ ധനസഹായം ചെയ്യുകയും,

ചെയ്യാവുന്നതാണ്.

**　　**　　**　　**

56. <u>അറ്റാദായം വിനിയോഗിക്കൽ</u>.—(1) ഒരു സംഘം ഏതെങ്കിലും വർഷത്തെ അതിന്റെ അറ്റാദായത്തിൽ നിന്ന്,—

(എ) അറ്റാദായത്തിന്റെ പതിനഞ്ചു ശതമാനത്തിൽ കുറയാത്ത ഒരു തുക റിസർവ് ഫണ്ടിലേക്ക് മാറ്റുകയും; കൂടാതെ

(ബി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അറ്റാദായത്തിന്റെ അഞ്ചു ശതമാനത്തിൽ കവിയാത്ത ഭാഗം 109-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (xix)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള സഹകരണ വിദ്യാഭ്യാസ ഫണ്ടിൽ വരവ് പിടിക്കയും ചെയ്യേണ്ടതാണ്.

(സി) ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള ഒരു കേന്ദ്ര സംഘത്തിന്റെ കാര്യത്തിൽ, അംഗങ്ങൾക്ക് അവരുടെ അടച്ചുതീർത്ത ഓഹരി മൂലധനത്തിന്, ഇരുപത് ശതമാനത്തിൽ കവിയാത്ത നിരക്കിൽ ലാഭവിഹിതം നൽകുക.

(2) അറ്റാദായത്തിന്റെ ബാക്കിയുള്ള തുക താഴെ പറയുന്ന എല്ലാ ആവശ്യങ്ങൾക്കോ ഏതെങ്കിലും ആവശ്യത്തിനോ വിനിയോഗിക്കാവുന്നതാണ്, അതായത് :—

(എ) അംഗങ്ങൾക്ക് അവരുടെ അടച്ചു തീർത്ത ഓഹരി മൂലധനത്തിന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഇരുപത് ശതമാനം നിരക്കിൽ കവിയാത്ത ലാഭപ്പങ്ക് നൽകുക ;

(ബി) അംഗങ്ങൾക്ക് അവർ സംഘവുമായി നടത്തിയ ഇടപാടിന്റെ പരിമാണമോ അളവോ സംബന്ധിച്ചിടത്തോളം ഉപനിയമങ്ങളിൽ പ്രത്യേകം പറഞ്ഞിടത്തോളവും, പറഞ്ഞവിധത്തിലും ബോണസ്സ് നൽകുക ;

(സി) ഉപനിയമങ്ങളിൽ പ്രത്യേകം പറയാവുന്ന പ്രത്യേകം ഫണ്ട് ഏർപ്പെടുത്തുകയോ അതിലേക്ക് അംശദായം ചെയ്യുകയോ ചെയ്യുക ;

(ഡി) 1890-ലെ ധർമ്മാർത്ഥദാനസ്വത്ത് ആക്റ്റ് (1890-ലെ 6-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ധർമ്മപരമായ ഏതെങ്കിലും ആവശ്യത്തിനായി അറ്റാദായത്തിന്റെ പത്തുശതമാനത്തിൽ കവിയാത്ത തുക സംഭാവന ചെയ്യുക;

(ഇ) സംഘത്തിലെ ജീവനക്കാർക്ക് അതതുസംഗതിപോലെ ഉപനിയമത്തിലോ അഥവാ 1965-ലെ ബോണസ്സ് നൽകൽ ആക്റ്റിലോ (1965-ലെ 21-ാം കേന്ദ്ര ആക്റ്റ്) പ്രത്യേകം പറഞ്ഞിട്ടുള്ളിടത്തോളവും പറഞ്ഞിട്ടുള്ള വിധത്തിലും ബോണസ്സ് നൽകുക.

57. ഫണ്ട് നിക്ഷേപിക്കൽ.—ഒരു സംഘത്തിന് അതിന്റെ ഫണ്ട്,—

(എ) ഗവൺമെന്റ് സേവിംഗ്സ് ബാങ്കിലോ;

(ബി) 1882-ലെ ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റ് (1882-ലെ 2-ാം കേന്ദ്ര ആക്റ്റ്) 20-ാം വകുപ്പിൽ പറഞ്ഞ ഏതെങ്കിലും സെക്യൂരിറ്റിയിലോ;

(സി) സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുമൂലം രജിസ്ട്രാർ ഈ ആവശ്യത്തിനായി അംഗീകരിച്ച മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ;

(ഡി) ഈ ആവശ്യത്തിന് രജിസ്ട്രാർ അംഗീകരിച്ച ഏതെങ്കിലും ബാങ്കിലോ;

(ഇ) നിർണ്ണയിക്കപ്പെട്ട മറ്റേതെങ്കിലും രീതിയിലോ,

നിക്ഷേപിക്കയോ ഡെപ്പോസിറ്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

** ** ** **

57എ. സഹകരണ വികസന ക്ഷേമനിധി.—(1) ഗവൺമെന്റിന്, ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റ് പ്രകാരം സഹകരണ വികസന-ക്ഷേമനിധി എന്ന പേരിൽ ഒരു നിധി രൂപീകരിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കാവുന്നതും, പദ്ധതി തയ്യാറാക്കിയ ശേഷം കഴിയുന്നത്രവേഗം, ഈ ആക്റ്റിലേയും, പദ്ധതിയിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി സഹകരണ വികസന-ക്ഷേമനിധി എന്ന് പേർ പറയാവുന്ന ഒരു നിധി ഏർപ്പെടുത്തേണ്ടതുമാണ്;

(2) ഒരു സംഘത്തിന്, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള നിരക്കിൽ നിധിയിലേക്ക് അംശദായം നൽകാവുന്നതാണ്.

** ** ** **

59. വായ്പകളിൻമേൽ നിയന്ത്രണങ്ങൾ.—(1) ഒരു സംഘം, അംഗമല്ലാത്ത യാതൊരാൾക്കോ ഒരു സംഘത്തിനോ വായ്പ നൽകാൻ പാടില്ലാത്തതാകുന്നു:

എന്നാൽ ഒരു ജില്ലാ സഹകരണ ബാങ്ക് അതിന്റെ നോമിനൽ അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾക്ക് വായ്പ അനുവദിക്കാവുന്നതാണ് :

എന്നുമാത്രമല്ല രജിസ്ട്രാറുടെ പ്രത്യേകമായോ അല്ലെങ്കിൽ പൊതുവായോ ഉള്ള അനുവാദത്തോടുകൂടി ഒരു സംഘത്തിന്, മറ്റൊരു സംഘത്തിന് വായ്പ അനുവദിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സംഘത്തിന് ഒരു ഡിപ്പോസിറ്റുകാരന് അയാളുടെ ഡിപ്പോസിറ്റിന്റെ ജാമ്യത്തിൽ വായ്പ നൽകാവുന്നതാണ്.

** ** ** **

63. സഹകരണ ആഡിറ്റ് ഡയറക്ടർ.—(1) ഗവൺമെന്റ് ഗസറ്റ് വിജ്ഞാപനംമൂലം, ഒരാളെ സംസ്ഥാനമാകെ അധികാരിതയോടുകൂടിയ സഹകരണ ആഡിറ്റ് ഡയറക്ടറായി നിയമിക്കേണ്ടതാണ്.

(2) സഹകരണ ഡയറക്ടറായി നിയമിക്കപ്പെടേണ്ട ആളിന്റെ യോഗ്യതയും നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലായിരിക്കുന്നതാണ്.

(3) ഗവൺമെന്റിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു വഴി ഏതെങ്കിലും ഉദ്യോഗസ്ഥന് ഈ ആക്റ്റ് പ്രകാരമുള്ള സഹകരണ ആഡിറ്റ് ഡയറക്ടറുടെ എല്ലാമോ ഏതെങ്കിലുമോ അധികാരം നൽകാവുന്നതാണ്.

(4) ഓരോ സംഘത്തിന്റെയും കണക്കുകൾ ഓരോ വർഷവും കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും സഹകരണ ആഡിറ്റ് ഡയറക്ടർ ആഡിറ്റ് ചെയ്യുകയോ അദ്ദേഹം അധികാരപ്പെടുത്തിയ ആളുകളാൽ ആഡിറ്റ് ചെയ്യിപ്പിക്കുകയോ ചെയ്യേണ്ടത് അദ്ദേഹത്തിന്റെ കർത്തവ്യമാകുന്നു.

(5) സഹകരണ ആഡിറ്റ് ഡയറക്ടർ ആഡിറ്റ് നടത്തേണ്ട രീതി സർക്കാർ നിർണ്ണയിക്കേണ്ടതാണ്.

(6) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സഹകരണ ആഡിറ്റ് ഡയറക്ടറോ അദ്ദേഹം പ്രാധികാരം നൽകിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ നൽകുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ്, സംസ്ഥാന സർക്കാരിന്റെയും സർക്കാരിതര അധികാരസ്ഥാനങ്ങളുടെയും മുൻപാകെ ഫയൽ ചെയ്യേണ്ട എല്ലാ ആവശ്യങ്ങൾക്കും വേണ്ടി സാധുവായിരിക്കുന്നതാണ്.

64. ആഡിറ്റിന്റെ പരിധിയും സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരങ്ങളും ആഡിറ്റിനുള്ള നടപടിക്രമവും.—(1) ആഡിറ്റ് എന്നതിൽ കാലാവധി കഴിഞ്ഞ കടങ്ങൾ വല്ലതുമുണ്ടെങ്കിൽ അവ പരിശോധിക്കുന്നതും, ബാക്കിയിരിപ്പ് പണവും സെക്യൂരിറ്റികളും കൃത്യമാണോ എന്ന് നോക്കുന്നതും, ബന്ധപ്പെട്ട സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ആഡിറ്റ് കാര്യങ്ങളും ഉൾപ്പെടുന്നതാണ്.

(2) ആഡിറ്റിന്റെ ആവശ്യത്തിലേക്കായി സഹകരണ ആഡിറ്റ് ഡയറക്ടർക്കോ അല്ലെങ്കിൽ 63-ാം വകുപ്പുപ്രകാരം അദ്ദഹം അധികാരപ്പെടുത്തിയ ആളിനോ താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സംഘത്തിന്റെ വകയായതോ സൂക്ഷിപ്പിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ എല്ലാ ബുക്കുകളും, കണക്കുകളും പ്രമാണങ്ങളും കടലാസുകളും, മറ്റെല്ലാ പ്രസക്തമായ രേഖകളും, സെക്യൂരിറ്റികളും പണവും മറ്റു വസ്തുക്കളും, ന്യായമായ എല്ലാ സമയത്തും, പരിശോധിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ് ;

(ബി) അങ്ങനെയുള്ള ഏതെങ്കിലും ബുക്കുകളോ, കണക്കുകളോ, പ്രമാണങ്ങളോ, കടലാസുകളോ, മറ്റു രേഖകളോ, സെക്യൂരിറ്റികളോ, പണമോ മറ്റ് വസ്തുക്കളോ കൈവശമുണ്ടായിരിക്കുകയോ, സൂക്ഷിക്കാൻ ഉത്തരവാദിയായിരിക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും സംഘത്തിന്റെ ആ സ്ഥാനത്തോ, അതിന്റെ ഏതെങ്കിലും ശാഖയിലോ, സംഘത്തിന് പ്രവർത്തന ഓഫീസ് ഇല്ലാത്തിടത്ത് സഹകരണ ആഡിറ്റ് ഡയറക്ടറുടെ ഓഫീസിലോ, അദ്ദേഹം നിർദ്ദേശിക്കാവുന്ന അദ്ദേഹത്തിന്റെ ഏതെങ്കിലും കീഴുദ്യോഗസ്ഥൻമാരുടെ ഓഫീസിലോ ഉള്ള ഏതെങ്കിലും സ്ഥലത്ത് അവ ഹാജരാക്കുന്നതിനായി സമൻസ് അയയ്ക്കാവുന്നതാണ്;

(സി) നിർണ്ണയിക്കപ്പെടാവുന്ന മറ്റധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(3) സംഘത്തിന്റെ ഇടപാടുകളും പ്രവർത്തനവും സംബന്ധിച്ച്, ഏതെങ്കിലും വിവരമോ, രേഖകളോ കൈവശമുള്ള, ഏതെങ്കിലും സമയത്ത് സംഘത്തിലെ ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതോ ആയിരുന്നതോ ആയ ഏതൊരാളും, സംഘത്തിന്റെ ഓരോ അംഗവും അംഗമായിരുന്നവരും സംഘത്തിന്റെ ഇടപാടുകളും പ്രവർത്തനവും സംബന്ധിച്ച് ഡയറക്ടറോ, 63-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഗവൺമെന്റ് അധികാരപ്പെടുത്തിയ ആളോ ആവശ്യപ്പെടാവുന്ന സംഘത്തിന്റെ ഇടപാടുകളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച വിവരം നൽകേണ്ടതാണ്.

(4) ആഡിറ്റ് പൂർത്തിയാക്കുന്നതിന് ആവശ്യമായ സാമ്പത്തിക കണക്കുകളും മറ്റ് വിശദാംശങ്ങളും ആ വർഷം പൂർത്തിയായി മൂന്നു മാസത്തിനുള്ളിൽ സംഘം തയ്യാറാക്കേണ്ടതും ആ വിവരം സഹകരണ ആഡിറ്റ് ഡയറക്ടറേയൊ, അല്ലെങ്കിൽ ഇതിലേക്കായി അദ്ദേഹം ചുമതലപ്പെടുത്തിയ ആളിനേയൊ അറിയിക്കേണ്ടതുമാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം സഹകരണ ആഡിറ്റ് ഡയറക്ടറോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ ആളോ, അതതു സംഗതിപോലെ, ആഡിറ്റ് ആരംഭിക്കേണ്ടതും ഒൻപതു മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്.

(6) ഓരോ വർഷത്തേയും സംഘത്തിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള ഫീസ്, ഈ ആവശ്യത്തിലേക്ക് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് അനുസൃതമായി സഹകരണ ആഡിറ്റ് ഡയറക്ടർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള തുകയായിരിക്കുന്നതാണ്.

(7) അറിയിപ്പ് ലഭിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട സംഘം ഫീസ് നൽകേണ്ടതും ആ കാലയളവിനുള്ളിൽ ഫീസ് നൽകാത്ത സംഗതിയിൽ അത് 79-ാം വകുപ്പിൽ വിനിർദ്ദേശിച്ച രീതിയിൽ വസൂലാക്കേണ്ടതുമാണ്.

(8) ഫീസ് നൽകുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആയിരിക്കുന്നതാണ്.

(9) 63-ാം വകുപ്പ് പ്രകാരം നടത്തിയ ആഡിറ്റിന്റെ ഫലമായി സംഘത്തിന്റെ പ്രവർത്തനത്തിൽ ഏതെങ്കിലും ന്യൂനതകൾ വെളിപ്പെടുകയാണെങ്കിൽ സഹകരണ ആഡിറ്റ് ഡയറക്ടർക്ക്, അങ്ങനെയുള്ള ന്യൂനതകൾ ആ സംഘത്തിന്റെ ശ്രദ്ധയിലും, ആ സംഘത്തെ വേറൊരു സംഘത്തോട് അഫിലിയേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സംഘത്തിന്റെ ശ്രദ്ധയിലും കൊണ്ടുവരാവുന്നതാണ്.

(10) 63-ാം വകുപ്പ് പ്രകാരം നടത്തിയ ആഡിറ്റിന്റെ ഫലമായി സംഘത്തിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും ഗുരുതരമായ ന്യൂനതകൾ വെളിപ്പെടുകയാണെങ്കിൽ സഹകരണ ആഡിറ്റ് ഡയറക്ടറോ അദ്ദേഹം അധികാരപ്പെടുത്തിയ ആളോ ഉടൻതന്നെ അത് സത്വരമായ അനന്തര നടപടിക്കായി രജിസ്ട്രാറെ അറിയിക്കേണ്ടതാണ്.

(11) സഹകരണ ആഡിറ്റ് ഡയറക്ടർക്ക്, ആഡിറ്റിൽ വെളിപ്പെടുത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിനായി, രേഖാമൂലമുള്ള ഉത്തരവുവഴി, ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള നടപടി അതിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ എടുക്കുന്നതിനായി, രജിസ്ട്രാർക്ക് വിവരം നൽകിക്കൊണ്ട്, സംഘത്തോടോ, അതിലെ ഉദ്യോഗസ്ഥൻമാരോടോ നിർദ്ദേശിക്കാവുന്നതാണ്.

** ** ** **

66. <u>മേൽനോട്ടവും പരിശോധനയും</u>.—(1) രജിസ്ട്രാർ ആവശ്യമെന്ന് താൻ കരുതുമ്പോഴെല്ലാം കൂടെക്കൂടെ ഏതൊരു സംഘത്തിന്റെയും പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തുകയോ അഥവാ, ഇതിലേക്കുവേണ്ടി രേഖാമൂലവും സാമാന്യമോ പ്രത്യേകമോ ആയതുമായ ഉത്തരവുമൂലം താൻ അധികാരപ്പെടുത്തുന്ന ആളെക്കൊണ്ട് പരിശോധന നടത്തിക്കയോ ചെയ്യേണ്ടതാണ്. ഈ ഉപവകുപ്പു പ്രകാരമുള്ള മേൽനോട്ടത്തിൽ സംഘത്തിന്റെ ബുക്കുകളുടെ പരിശോധന ഉൾപ്പെടാവുന്നതാണ്.

(2) രജിസ്ട്രാർക്ക്, സ്വമേധയായോ അഥവാ സംഘത്തിന്റെ ഉത്തമർണ്ണന്റെ അപേക്ഷയിൻമേലോ സംഘത്തിന്റെ ബുക്കുകൾ പരിശോധിക്കുകയോ അഥവാ ഈ ആവശ്യത്തിന് രേഖാമൂലമായ ഉത്തരവുമൂലം താൻ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾ പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്.

എന്നാൽ ഉത്തമർണ്ണന്റെ അപേക്ഷയിൻമേൽ, അങ്ങനെയുള്ള യാതൊരു പരിശോധനയും, അപേക്ഷകൻ—

(എ) കടം അപ്പോൾ കൊടുക്കേണ്ടതായിത്തീർന്ന ഒരു തുകയാണെന്നും അത് തിരിച്ചടയ്ക്കാൻ താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ന്യായമായ കാലത്തിനുള്ളിൽ അത് തനിക്ക് ലഭിച്ചിട്ടില്ലെന്നും, രജിസ്ട്രാറെ ബോദ്ധ്യപ്പെടുത്തുകയും;

(ബി) ഉദ്ദിഷ്ട പരിശോധനയുടെ ചെലവിലേക്കുള്ള സെക്യൂരിറ്റിയായി രജിസ്ട്രാർ ആവശ്യപ്പെടാവുന്ന തുക അദ്ദേഹത്തിന്റെ അടുക്കൽ കെട്ടിവയ്ക്കുകയും ചെയ്യാത്ത പക്ഷം, നടത്താൻ പാടില്ലാത്തതാകുന്നു.

(3) 2-ാം ഉപവകുപ്പു പ്രകാരമുള്ള പരിശോധന ഉത്തമർണ്ണന്റെ അപേക്ഷ യിൻമേൽ നടത്തുകയാണെങ്കിൽ രജിസ്ട്രാർ അങ്ങനെയുള്ള ഏതൊരു പരിശോധനയു ടെയും ഫലം, ആ ഉത്തമർണ്ണനെ അറിയിക്കേണ്ടതാകുന്നു.

(4) രജിസ്ട്രാർക്കോ അഥവാ (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം രജിസ്ട്രാർ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ സംഘത്തിന്റെ ബുക്കുകളും റിക്കാർഡുകളും, കണക്കുകളും, നിർബാധം പരിശോധിക്കുന്നതിന് ന്യായമായ എല്ലാ സമയത്തും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും, അങ്ങനെയുള്ള വല്ല ബുക്കുകളും, റിക്കാർഡുകളും, കണക്കുകളും, കൈവശമുണ്ടായിരിക്കുകയോ സൂക്ഷിക്കാൻ ഉത്തരവാ ദിയായിരിക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും, സംഘത്തിന്റെ ആസ്ഥാനത്തോ, അതിന്റെ ഏതെങ്കിലും ശാഖയിലോ പരിശോധനാർത്ഥം അവ ഹാജരാക്കാൻ സമൻസയയ്ക്കാവു ന്നതും ആണ്. അങ്ങനെ നടത്തുന്ന മേലന്വേഷണത്തിലോ പരിശോധനയിലോ സഹാ യിക്കുകയും, അതിലേക്ക് വേണ്ടിവരുന്ന വല്ല വിവരവും നൽകുകയും ചെയ്യേണ്ടത് സംഘത്തിലെ ഏതൊരു ഉദ്യോഗസ്ഥന്റെയും, ജീവനക്കാരന്റെയും കടമയാകുന്നു.

(5) രജിസ്ട്രാർക്കോ അഥവാ (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം അദ്ദേഹം അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ രേഖാമൂലമായ ഒരുത്തരവുമൂലം ആ ഉത്തരവിൽ പറയാവുന്ന നടപടി, അതിൽ പറയുന്ന കാലത്തിനുള്ളിൽ എടുക്കുന്ന തിന് സംഘത്തോടോ അതിലെ ഉദ്യോഗസ്ഥൻമാരോടോ നിർദ്ദേശിക്കാവുന്നതാണ്.

(6) (2)-ാം ഉപവകുപ്പുപ്രകാരമുള്ള പരിശോധനയിൽ സർക്കിൾ സഹകരണ യൂണിയന് അതിന്റെ ഒരു അനൗദ്യോഗികാംഗത്തിനെ സന്നിഹിതനായിരിക്കുവാൻ നിർദ്ദേ ശിക്കാനധികാരമുണ്ടായിരിക്കുന്നതാണ് ;

എന്നാൽ അങ്ങനെയുള്ള അനൗദ്യോഗികാംഗത്തിന് പരിശോധന സ്വയം നടത്തു ന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതല്ല.

(7) അപ്പക്സ് സംഘത്തിനോ, ഫെഡറൽ സഹകരണസംഘത്തിനോ അല്ലെ ങ്കിൽ ധനസഹായം നൽകുന്ന ഒരു ബാങ്കിനോ, അതിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതൊരു രജിസ്റ്റേർഡ് സംഘത്തിന്റെയും ബുക്കുകൾ അതിലെ ഉദ്യോഗസ്ഥൻമാർ മുഖാ ന്തിരം പരിശോധിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(8) ഒരു സംഘത്തിന്റെ ബുക്കുകൾ പരിശോധിക്കുന്ന, ഒരു അപ്പക്സ് സംഘ ത്തിലെയോ, ഫെഡറൽ സഹകരണസംഘത്തിലെയോ ധനസഹായം നൽകുന്ന ബാങ്കി ലെയോ, ഒരു ഉദ്യോഗസ്ഥന് സംഘത്തിന്റെ വകയായ ബുക്കുകളും, കണക്കുകളും പ്രമാ ണങ്ങളും, സെക്യൂരിറ്റികളും, രൊക്കം പണവും, മറ്റു വസ്തുക്കളും ന്യായമായ എല്ലാ സമയത്തും നിർബാധം പരിശോധിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും, കൂടാതെ സംഘത്തിന്റെ സാമ്പത്തികസ്ഥിതിയും അതിനു വായ്പയായി നല്കിയ തുകകളുടെ സുരക്ഷിതത്വവും തിട്ടപ്പെടുത്തുന്നതിന് ആവശ്യമായേക്കാവുന്ന എല്ലാ വിവരങ്ങളും സ്റ്റേറ്റ്മെന്റുകളും റിട്ടേണുകളും ആവശ്യപ്പെടാവുന്നതുമാണ്.

(9) (8)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു ഉദ്യോഗസ്ഥന് ആ ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ബുക്കുകളും, കണക്കുകളും, പ്രമാണങ്ങളും സെക്യൂരിറ്റിയും, രൊക്കം പണവും, മറ്റു വസ്തുക്കളും കൈവശമിരിക്കുകയോ സൂക്ഷിക്കാൻ ഉത്തരവാദി

യായിരിക്കുകയോ ചെയ്യുന്ന ഏതൊരാളെയും സംഘത്തിന്റെ ആസ്ഥാനത്തോ അതിന്റെ ഏതെങ്കിലും ശാഖയിലോ ഉള്ള ഏതെങ്കിലും സ്ഥലത്ത് അവ പരിശോധിക്കുന്നതിനോ ഒത്തുനോക്കുന്നതിനോ വേണ്ടി ഹാജരാക്കുന്നതിന് സമൻസയയ്ക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(10) അപ്പക്സ് സംഘത്തിനോ, ഫെഡറൽ സഹകരണ സംഘത്തിനോ അല്ലെങ്കിൽ ധനസഹായം ചെയ്യുന്ന ബാങ്കിനോ അതിന്റെ ഉദ്യോഗസ്ഥൻമാരുടെ പരിശോധനയുടെ ഫലമായി, സംഘത്തിനെതിരായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

66എ. നിർദ്ദേശങ്ങൾ നൽകുന്നതിന് രജിസ്ട്രാർക്കുള്ള അധികാരങ്ങൾ.—ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനായി, രജിസ്ട്രാർക്ക് പൊതുവായ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും, സഹകരണ സംഘങ്ങൾക്ക് നൽകാവുന്നതാണ്.

** ** ** **

68. സർച്ചാർജ്.—(1) ഒരു സംഘം ആഡിറ്റ് ചെയ്യുകയോ അതിന്റെ കാര്യത്തിൽ അന്വേഷണ വിചാരണ നടത്തുകയോ അത് പരിശോധിക്കുകയോ അല്ലെങ്കിൽ അതിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നതിനിടയിൽ ആ സംഘത്തിന്റെ സംഘടനയോ നടത്തിപ്പോ സംബന്ധിച്ച കാര്യം ഭരമേൽപ്പിക്കപ്പെട്ടിരിക്കുവാനോ, അഥവാ സംഘത്തിലെ ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയതോ ഏതെങ്കിലും സമയത്ത് ആയിരുന്നതോ ആയ ആൾ ആരെങ്കിലും, ഈ ആക്റ്റിനോ, ചട്ടങ്ങൾക്കോ, ബൈലകൾക്കോ വിരുദ്ധമായി ഏതെങ്കിലും പണം കൊടുത്തിട്ടുണ്ടെന്നോ, അഥവാ ട്രസ്റ്റ് ലംഘിച്ചുകൊണ്ടോ മനഃപൂർവ്വമായ ഉപേക്ഷയാലോ, കെടുകാര്യസ്ഥതയാലോ സംഘത്തിന്റെ ആസ്തികളിൽ ഏതെങ്കിലും നഷ്ടമോ നാശമോ വരുത്തിയിട്ടുണ്ടെന്നോ, അഥവാ അങ്ങനെയുള്ള സംഘം വക ഏതെങ്കിലും പണമോ മറ്റു വസ്തുവോ ദുർഭരണം നടത്തുകയോ അപഹരിക്കുകയോ, ചതിവായി കൈവശം വയ്ക്കുകയോ ചെയ്തിട്ടുണ്ടെന്നോ അഥവാ രേഖകൾ നശിപ്പിക്കുകയോ, നശിപ്പിക്കാൻ ഇടയാക്കുകയോ, ചെയ്തിട്ടുണ്ടെന്നോ കാണുകയാണെങ്കിൽ, രജിസ്ട്രാർക്ക് സ്വമേധയായോ അഥവാ കമ്മിറ്റിയുടെയോ, ലിക്വിഡേറ്ററുടെയോ, ഏതെങ്കിലും ഉത്തമർണ്ണന്റെയോ അപേക്ഷയിൻമേലോ അങ്ങനെയുള്ള ആളുടെ നടപടിയെപ്പറ്റി സ്വയം അന്വേഷണ വിചാരണ നടത്തുകയോ അഥവാ ഈ ആവശ്യത്തിലേക്ക് രേഖാമൂലമായ ഉത്തരവുപ്രകാരം താൻ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളോട് അന്വേഷണ വിചാരണ നടത്തുവാൻ നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണ വിചാരണ നടത്തുന്ന പക്ഷം രജിസ്ട്രാർ, ബന്ധപ്പെട്ട ആൾക്ക് പറയാനുള്ളത് പറയുവാൻ അവസരം നൽകിയശേഷം, ആ പണമോ മറ്റു വസ്തുവോ അഥവാ അതിന്റെ ഏതെങ്കിലും ഭാഗമോ നീതിപൂർവ്വകവും ന്യായവുമാണെന്നു തനിക്ക് തോന്നുന്ന നിരക്കിലുള്ള പലിശയോടുകൂടി തിരിയെ അടയ്ക്കുകയോ മടക്കിക്കൊടുക്കുകയോ ചെയ്യുന്നതിനോ അഥവാ അങ്ങനെയുള്ള അംശദായവും ചെലവും നഷ്ടപ്രതിഫലവും നൽകുന്നതിനോ രേഖാമൂലമായ ഉത്തരവുമൂലം അയാളോട് ആവശ്യപ്പെടാവുന്നതാണ്.

** ** ** **

70എ. സഹകരണ ആർബിട്രേഷൻ കോടതികൾ.—(1) ഈ ആക്റ്റ് പ്രകാരം നൽക പ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും, ചുമതലകൾ നിർവ്വഹിക്കുന്നതിനും ആവശ്യമായേക്കാവുന്ന അത്രയും എണ്ണം സഹകരണ ആർബിട്രേഷൻ കോടതികൾ ഗവൺമെന്റ് രൂപീകരിക്കേണ്ടതാണ്.

(2) സഹകരണ ആർബിട്രേഷൻ കോടതിയിലേയ്ക്ക് നിയമിക്കപ്പെടേണ്ടുന്ന വ്യക്തിയുടെ യോഗ്യതകൾ, കാലാവധി, ശമ്പളവും അലവൻസുകളും മറ്റ് സേവന വ്യവസ്ഥകളും അതതുസമയം ഗവൺമെന്റ് നിശ്ചയിക്കുന്ന വിധത്തിലായിരിക്കുന്നതാണ്.

(3) സഹകരണ ആർബിട്രേഷൻ കോടതിയുടെ നടപടിക്രമത്തെ ക്രമീകരി ക്കുന്നതിനും കാര്യനിർവ്വഹണത്തിനുമായി ഗവൺമെന്റ് ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്.

(4) സഹകരണ ആർബിട്രേഷൻ കോടതിയെ സഹായിക്കുന്നതിനായി രജിസ്ട്രാറോ അഥവാ ഗവൺമെന്റോ, ആവശ്യമായത്ര ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനം വിട്ടുകൊടുക്കേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥരും ജീവനക്കാരും എല്ലാ കാര്യങ്ങൾക്കും, ഗവൺമെന്റ് ജീവനക്കാർ ആയി തുടരുന്നതും അവരുടെ സേവന വേതന വ്യവസ്ഥകൾ ഗവൺമെന്റിന്റെ കീഴിൽ അവർക്ക് ബാധകമായിരിക്കുന്ന അതേ രീതിയിൽ തുടരുന്നതുമാണ്.

** ** ** **

80. സഹകരണസംഘങ്ങളുടെ ഉദ്യോഗസ്ഥൻമാരും മറ്റും.—(1) ഗവൺമെന്റ് സംസ്ഥാനത്തെ സംഘങ്ങളെ അവയുടെ മാതൃകയും സാമ്പത്തികനിലയുമനുസരിച്ച് തരം തിരിക്കേണ്ടതാണ്.

(2) ഗവൺമെന്റ്, സംസ്ഥാന സഹകരണ യൂണിയനുമായി ആലോചിച്ച് (1)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പലതരം സംഘങ്ങളിലെ ഉദ്യോഗസ്ഥ ന്മാരുടെയും, ജോലിക്കാരുടെയും എണ്ണവും, ഉദ്യോഗപ്പേരും തിട്ടപ്പെടുത്തുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ടതാണ്.

(3) ഗവൺമെന്റ്, സംസ്ഥാന സഹകരണ യൂണിയനുമായി ആലോചിച്ച് (1)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പലതരം സംഘങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെയും, ജോലിക്കാരുടെയും പരീക്ഷായോഗ്യതയും, പ്രതിഫലവും, പടികളും, മറ്റുസേവന വ്യവസ്ഥകളും നിയന്ത്രിക്കുന്ന ചട്ടങ്ങൾ പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ഉണ്ടാക്കേണ്ടതാണ്.

(3എ) സംഘങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെയോ ജീവനക്കാരുടെയോ നിയമ നവും സേവന വ്യവസ്ഥകളും സംബന്ധിച്ച് ഈ ആക്റ്റിലോ, അതിൻകീഴിൽ ഉണ്ടാ ക്കിയ ചട്ടങ്ങളിലോ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലോ, ഏതെങ്കിലും സംഘത്തിന്റെ ബൈലാകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, നേരിട്ടുള്ള തെരഞ്ഞെടുപ്പ് അവ ലംബിക്കുന്നിടത്ത് പട്ടികയിൽ പറഞ്ഞിട്ടുള്ള സൊസൈറ്റികളിലെ ഉദ്യോഗസ്ഥൻമാരു ടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകുന്ന ഉദ്യോഗാർത്ഥികളുടെ ഒരു സെലക്ട് ലിസ്റ്റിൽ നിന്നും നടത്തേണ്ടതാകുന്നു.

(3ബി) 1995 ഏപ്രിൽ 25-ാം തീയതിയും അതിനുശേഷവും 1995-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1995-ലെ 10-ാം നമ്പർ ഓർഡിനൻസ്) പ്രസിദ്ധീകരിച്ച തീയതിക്കുമുൻപും (3എ) ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സംഘങ്ങളിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പ് വഴി നടത്തിയ എല്ലാ നിയമനങ്ങളും അസാധുവായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ എന്തു തന്നെ അടങ്ങിയിരുന്നാലും ഓരോ സംഘത്തിലെയും ജോലിക്കാരുടെ തസ്തികകളിൽ പത്തുശതമാനം, അത്തരം തസ്തികകളിലേക്ക് നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴിയുള്ള നിയമനമാണെങ്കിൽ, പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും പെട്ട ആളുകളെ നിയമിക്കുന്നതിനു വേണ്ടി സംവരണം ചെയ്യേണ്ടതാണ്.

** ** ** **

80ബി. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്.—(1) ഈ ആക്റ്റിലോ ചട്ടങ്ങളിലോ ഏതെങ്കിലും സംഘത്തിന്റെ ഉദ്യോഗസ്ഥൻമാരെയോ ജീവനക്കാരെയോ റിക്രൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട ബൈലാകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഗവൺമെന്റ്, ഗസറ്റ് വിജ്ഞാപനംവഴി, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയിലേക്ക് ജൂനിയർ ഗുമസ്തൻമാരുടെയും അതിനു മുകളിലെ വിഭാഗങ്ങളിലുള്ള തസ്തികകളിലേക്കുള്ള നേരിട്ടുള്ള എല്ലാ നിയമനങ്ങൾക്കും വേണ്ടി എഴുത്തുപരീക്ഷ നടത്തുന്നതിനായി ഒരു സഹകരണ സർവ്വീസ് പരീക്ഷാബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) പരീക്ഷാബോർഡിൽ മൂന്നിൽ കവിയാത്ത അംഗങ്ങളുണ്ടായിരിക്കേണ്ടതും ബോർഡിന്റെ കാലാവധി അഞ്ചു വർഷമായിരിക്കേണ്ടതുമാണ്. ബോർഡിന്റെ അധികാരങ്ങളും, ചുമതലകളും ബോർഡിലെ അംഗങ്ങളുടെ മറ്റു നിയമന വ്യവസ്ഥകളും പരീക്ഷ നടത്തുന്നതിനും നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും ബോർഡ് അനുവർത്തിക്കേണ്ട നടപടിക്രമങ്ങളും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലായിരിക്കുന്നതാണ്.

(3) ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ നടത്തി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ ഒരു സെലക്ട് ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം, ബന്ധപ്പെട്ട കമ്മിറ്റി, അതിൽനിന്നും എല്ലാ നിയമനങ്ങളും നടത്തേണ്ടതാണ്.

(4) 80-ാം വകുപ്പ് (3എ) ഉപവകുപ്പിലും ഈ വകുപ്പിന്റെ (1)-ാം ഉപവകുപ്പിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സംഘത്തിന്റെ കമ്മിറ്റിക്ക് രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, തൊഴിൽപരമോ സാങ്കേതികമോ ആയ യോഗ്യത വേണ്ടതായ തസ്തികകളിലേക്ക് പരിചയസമ്പന്നരും വിദഗ്ദ്ധരുമായി, തൊഴിൽപരവും സാങ്കേതികവുമായ യോഗ്യത നേടിയ ആളുകളെ, കരാറടിസ്ഥാനത്തിലോ ഡെപ്യൂട്ടേഷൻ വഴിയോ അഞ്ചു വർഷത്തിൽ കവിയാത്ത നിർണ്ണയിക്കപ്പെടാവുന്ന കാലയളവിലേക്ക് നിയമിക്കാവുന്നതാണ്.

** ** ** **

82. തൈബ്യൂണലിലേക്കുള്ള അപ്പീലുകൾ.—(1) ഏതെങ്കിലും വ്യക്തിക്ക്,—

(എ) 70-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സഹകരണ ആർബിട്രേഷൻ കോടതിയുടെ ഒരു അവാർഡിനാലോ; അല്ലെങ്കിൽ

(ബി) 14-ാം വകുപ്പ്, 8-ാം ഉപവകുപ്പ് (ii)-ാം ഖണ്ഡപ്രകാരമോ അല്ലെങ്കിൽ 9-ാം ഉപവകുപ്പ് (ii)-ാം ഖണ്ഡപ്രകാരമോ, രജിസ്ട്രാർ പുറപ്പെടുവിച്ച ഒരു ഉത്തരവിനാലോ; അല്ലെങ്കിൽ

(സി) 70-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രാർ എടുത്ത ഏതെങ്കിലും തീരുമാനത്താലോ; അല്ലെങ്കിൽ

(ഡി) 70-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം, ആയതിലേക്ക് ഗവൺമെന്റ് അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെ ഏതെങ്കിലും തീരുമാനത്താലോ; അല്ലെങ്കിൽ

(ഇ) 70-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരമുള്ള ആർബിട്രേറ്ററുടെ ഏതെങ്കിലും അവാർഡിനാലോ,

സങ്കടമുണ്ടായിട്ടുണ്ടെങ്കിൽ, അതതുസംഗതിപോലെ, അപ്രകാരമുള്ള തീരുമാനത്തിന്റെയോ അവാർഡിന്റെയോ തീയതി മുതൽ, അറുപത് ദിവസത്തിനകം ട്രൈബ്യൂണലിന് അപ്പീൽ ബോധിപ്പിക്കാവുന്നതും, ആ അപ്പീലിൻമേൽ ട്രൈബൂണലിന് യുക്തമെന്ന് തോന്നാവുന്ന പ്രകാരമുള്ള ഉത്തരവ് പാസ്സാക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ട്രൈബ്യൂണൽ പാസ്സാക്കിയ ഒരു ഉത്തരവ് അന്തിമമായിരിക്കുന്നതാണ്.

** ** ** **

94. കുറ്റങ്ങൾ.—(1) ഒരു സംഘമല്ലാതെ ഏതൊരാളും, ഏതെങ്കിലും ഇൻഡ്യൻ ഭാഷയിൽ 'സഹകരണം', എന്നതോ, അതിന് തത്തുല്യമായ പദമോ ഭാഗമായിട്ടുള്ള യാതൊരു പേരിലോ, അവകാശപ്പേരിലോ, ഗവൺമെന്റിന്റെ അനുമതി കൂടാതെ കച്ചവടം ചെയ്യുകയോ, തൊഴിൽ നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നും, ഏതെങ്കിലും ആളോ അയാളുടെ അവകാശ ബന്ധമുള്ള പിൻഗാമിയോ, അതതു സംഗതിപോലെ, 1912-ലെ സഹകരണ സംഘം ആക്റ്റോ (1912-ലെ 2-ാം കേന്ദ്ര ആക്റ്റ്), തിരുവിതാംകൂർ സഹകരണ സംഘം ആക്റ്റോ (1089-ലെ 10-ാം ആക്റ്റ്), 1113-ലെ 26-ാം കൊച്ചി സഹകരണ സംഘം ആക്റ്റോ ആ പ്രദേശത്ത് നടപ്പിൽ വന്ന തീയതിയിൽ ഏത് പേരിലോ, അവകാശപ്പേരിലോ തന്റെ തൊഴിൽ നടത്തിയിരുന്നുവോ അങ്ങനെയുള്ള ഏതെങ്കിലും പേരോ അവകാശപ്പേരോ അയാൾ ഉപയോഗിക്കുന്നതിന് യാതൊരു പ്രദേശത്തും ബാധകമാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് ലംഘിച്ചുകൊണ്ട് കച്ചവടമോ തൊഴിലോ നടത്തുന്ന ഏതൊരു വ്യക്തിക്കും രണ്ടായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാകുന്നു.

(3) സംഘത്തിലെ ഏതെങ്കിലും അംഗമോ മുമ്പിലത്തെ അംഗമോ മരിച്ചുപോയ അംഗത്തിന്റെ നോമിനിയോ അവകാശിയോ നിയമാനുസൃത പ്രതിനിധിയോ

35-ാം വകുപ്പു പ്രകാരം ഒന്നാമത്തെ ചാർജ്ജുണ്ടായിരിക്കാൻ സംഘത്തിനവകാശമുള്ള വല്ല വസ്തുവും കയ്യൊഴിച്ചുകൊണ്ട് ആ വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള തേർച്ചയ്ക്ക് ദൂഷ്യം വരത്തക്ക മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നതായാൽ അയാൾക്ക് രണ്ടായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

(4) മനപ്പൂർവ്വം വ്യാജമായ തവണക്കണക്കുണ്ടാക്കുകയോ വ്യാജമായ വിവരം നൽകുകയോ ആവശ്യപ്പെടുമ്പോൾ ബാക്കിയിരിപ്പുള്ള പണം ഹാജരാക്കുന്നതിന് വീഴ്ച വരുത്തുകയോ അല്ലെങ്കിൽ റിക്കാർഡുകൾ ആഡിറ്റിനോ, അന്വേഷണ വിചാരണയ്ക്കോ പരിശോധനയ്ക്കോ, ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന സംഘക്കമ്മിറ്റിയ്ക്കോ, അതിലെ ഉദ്യോഗസ്ഥനോ, അംഗത്തിനോ അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച വല്ല സമൻസോ കല്പനയോ നിയമാനുസൃതം രേഖപ്പെടുത്തിയ ഉത്തരവോ മനപ്പൂർവ്വമായോ, ന്യായമായ യാതൊരു കാരണവും കൂടാതെയോ അനുസരിക്കാതിരിക്കുകയോ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ള ഒരാൾ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം തന്നോട് ആവശ്യപ്പെടുന്ന വല്ല വിവരവും മനപ്പൂർവ്വം നൽകാതിരിക്കുകയോ ചെയ്യുന്ന ഏതൊരാൾക്കോ, അയ്യായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

(5) മതിയായ കാരണം കൂടാതെ,—

(എ) 37-ാം വകുപ്പ് (2)-ാം ഉപവകുപ്പുമൂലം ആവശ്യപ്പെട്ട പ്രകാരം ഏതെങ്കിലും തുക കിഴിക്കുന്നതിനു വീഴ്ച വരുത്തുകയോ,

(ബി) പ്രസ്തുത ഉപവകുപ്പ് പ്രകാരം താൻ കിഴിവ് വരുത്തിയ തുക, കിഴിവ് വരുത്തിയ തീയതി മുതൽ ഏഴു ദിവസക്കാലത്തിനകം, സംഘത്തിനു നൽകുന്നതിനു വീഴ്ച വരുത്തുകയോ ചെയ്യുന്ന

ഏതെങ്കിലും തൊഴിലുടമയ്ക്കോ ഉദ്യോഗസ്ഥനോ അയ്യായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

(6) ഏർപ്പെടുത്തുവാൻ പോകുന്ന ഒരു സംഘത്തിനു വേണ്ടി ഓഹരി പണം പിരിക്കുന്ന ഏതെങ്കിലും ആൾ, ആ പണം കിട്ടുന്ന തീയതി മുതൽ പതിനാലു ദിവസത്തിനകം സംസ്ഥാന സഹകരണ ബാങ്കിലോ, കേന്ദ്ര സഹകരണ ബാങ്കിലോ പോസ്റ്റൽ സേവിംഗ്സ് ബാങ്കിലോ, അല്ലെങ്കിൽ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും ബാങ്കിലോ നിക്ഷേപിക്കാത്തപക്ഷം, അയാൾക്ക് അയ്യായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

(7) ഏർപ്പെടുത്തുവാൻ പോകുന്ന ഒരു സംഘത്തിനുവേണ്ടി ഓഹരിപ്പണം പിരിക്കുന്ന ഏതെങ്കിലും ആൾ, അങ്ങനെ പിരിക്കുന്ന തുക രജിസ്റ്റർ ചെയ്യാൻ പോകുന്ന ഒരു സംഘത്തിന്റെ പേരിലോ മറ്റു തരത്തിലോ, വല്ല കച്ചവടമോ തൊഴിലോ നടത്തുന്നതിന് ഉപയോഗിക്കുന്നപക്ഷം, അയാൾക്ക് അയ്യായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്.

(8) ഒരു സംഘത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അംഗമോ ആ സംഘം വകയായുള്ള, പണം ദുർവിനിയോഗം ചെയ്യുകയോ അനധികൃതമായോ നിയമവിരുദ്ധമായോ സൂക്ഷിക്കുകയോ ചെയ്യുന്ന പക്ഷം, അയാൾക്ക് മൂന്ന് കൊല്ലത്തോളം വരാവുന്ന

തടവുശിക്ഷയോ, പതിനായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷയോ അഥവാ രണ്ടും കൂടിയോ നൽകേണ്ടതാണ്.

(9) ഈ വകുപ്പിലെ വ്യവസ്ഥകൾ, തൽക്കാലം നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം കുറ്റക്കാർക്കെതിരായി എടുക്കാവുന്ന യാതൊരു നടപടിക്കും ദൂഷ്യം വരുത്തുന്നതല്ല.

95. കുറ്റങ്ങൾ വിചാരണ ചെയ്യൽ.—ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരമുള്ള യാതൊരു കുറ്റവും വിചാരണ ചെയ്യാൻ പാടില്ലാത്തതും രജിസ്ട്രാറുടെ മുന്നനുമതി കൂടാതെ ഈ ആക്റ്റ് പ്രകാരമുള്ള യാതൊരു ശിക്ഷാ നടപടിയും എടുക്കാൻ പാടില്ലാത്തതും ആകുന്നു :

എന്നാൽ 94-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റത്തിന്റെ കാര്യത്തിൽ അങ്ങിനെയുള്ള അനുമതി ആവശ്യമായിരിക്കുന്നതല്ല.

** ** ** **

99. ഉത്തരവുകൾ പ്രഖ്യാപിക്കണമെന്ന്.—കക്ഷികളെ വിസ്തരിച്ചിട്ടുള്ള സംഗതികളിൽ, ഈ ആക്റ്റ് പ്രകാരം രജിസ്ട്രാറോ, ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മറ്റ് ആളോ, ലികിഡേറ്ററോ പുറപ്പെടുവിക്കുന്നതോ നൽകുന്നതോ ആയ ഏതൊരു ഉത്തരവോ തീർപ്പോ അവാർഡോ കേസ് അവസാനമായി വിചാരണ ചെയ്യുന്ന തീയതിയിലോ അതിനുശേഷം ഏതെങ്കിലും തീയതിയിലോ, അങ്ങനെയാണെങ്കിൽ മുറപ്രകാരമുള്ള നോട്ടീസ് കക്ഷികൾക്ക് നൽകി, പ്രഖ്യാപിക്കേണ്ടതാണ്.

** ** ** **

108. പോലീസ് ഉദ്യോഗസ്ഥന്റെ കർത്തവ്യങ്ങൾ.—(1) ഈ ആക്റ്റോ അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ഉപനിയമങ്ങളോ പ്രകാരം രജിസ്ട്രാറിലോ അദ്ദേഹത്തിനു കീഴിലുള്ള മറ്റേതെങ്കിലും ആളിലോ നിക്ഷിപ്തമായിരിക്കുന്ന ഏതെങ്കിലും അധികാരത്തിന്റെ നിയമപരമായ വിനിയോഗത്തിനുവേണ്ടി തന്റെ സഹായം ന്യായമായി ആവശ്യപ്പെടുന്ന രജിസ്ട്രാറെയോ അങ്ങനെയുള്ള ആളുകളെയോ സഹായിക്കുകയെന്നത് ഏതൊരു പോലീസ് ഉദ്യോഗസ്ഥന്റെയും കർത്തവ്യമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം തന്നിൽ ചുമത്തപ്പെട്ട കർത്തവ്യം നിർവ്വഹിക്കാതിരിക്കുകയോ നിർവ്വഹിക്കുന്നതിന് വിസമ്മതിക്കുകയോ ചെയ്യുന്ന ഏതൊരു പോലീസ് ഉദ്യോഗസ്ഥനും 1960-ലെ കേരള പോലീസ് ആക്റ്റ് (1961-ലെ 5) 41-ാം വകുപ്പ് (ഡി) ഖണ്ഡപ്രകാരം ഒരു കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതാണ്.